Waiting for a Visa

ഭീം റാവു അംബേദ്കർ



രചയിതാവ്: ഡോ ഭീം റാവു രാംജി അംബദ്ക്കർ

മൊഴിമാറ്റം: ശ്രീലത എസ്

ചിത്രം: വിക്കിപീഡിയ

ഉള്ളടക്കം

മുഖവുര

Waiting for a Visa ഡോ ഭീം റാവു രാംജി അംബദ്ക്കറിന്റെ ആത്മകഥയാണ്. വളരെ അർത്ഥപൂർണ്ണമാണ് ആത്മകഥയുടെ ഈ പേര്. ഒരാൾക്ക് ഒരു രാജ്യത്തെ വിസ കിട്ടണമെങ്കിൽ ആ വ്യക്തി ആ രാജ്യത്തെ പൗരൻ ആയിരിക്കണമല്ലോ. എല്ലാ പൗരാവകാശങ്ങളും നിഷേധിക്കപ്പെട്ട ഒരു കൂട്ടം ആളുകൾ, അവരെ അതിശൂദ്രർ എന്നാണ് ജ്യോതിറാവു ഫൂലേ (1827-1890) വിശേഷിപ്പിച്ചിരുന്നത്, ഈ രാജ്യത്ത് ജീവിച്ചിരുന്നു.

ആശയപരമായി ഗാന്ധിജിയും അംബദ്ക്കറും ഇരുധ്യുവങ്ങളിലായിരുന്നു, പക്ഷേ പരസ്പരം നല്ല ഹൃദയബന്ധം സൂക്ഷിച്ചിരുന്നവർ. 1931 ലാണ് അവരിരുവരും ആദ്യമായി തമ്മിൽ കാണുന്നത്. സ്വരാജ്യം - Homeland - സ്വതന്ത്രമാക്കുവാനായി ശ്രമിക്കുന്ന കോൺഗ്രസ്സിനെ അംബദ്കർ വിമർശിക്കുന്നതിനെ ഗാന്ധിജി ചോദ്യം ചെയ്തു. അതിനുള്ള അംബദ്ക്കറിന്റെ പ്രശസ്തമായ മറുപടിയാണ് താഴെ:

'Gandhiji, I have no homeland... How can I call this land my own homeland and this religion my own, wherein we are treated worse than cats and dogs, wherein we cannot get water to drink?'
- Dr B R Ambedkar to Mahatma Gandhi (in conversation, Mani Bhavan, Bombay: 14 August 1931)
എത്ര ഹൃദയസ്പർശിയായ മറുപടി അല്ലേ?

ജാതി ഹിന്ദുക്കൾ ഇന്ത്യയിലെ ഒരു പറ്റം മനുഷ്യരെ തൊട്ടുകൂടാത്തവർ ആക്കി, അവർക്ക് അയിത്തം കൽപ്പിച്ചിരുന്നു. അവർക്ക് പൊതുനിരത്തുകൾ ഉപയോഗിക്കാനോ പൊതുജലസംഭരണികളിൽ നിന്ന് വെള്ളം കുടിക്കാനോ പോലും അനുവാദം ഉണ്ടായിരുന്നില്ല. അവരെ മനുഷ്യരായി കണക്കാക്കിയിരുന്നില്ല. അവർ അനുഭവിച്ച യാതനകളുടെ ഏകദേശരൂപം തരും ഈ ചെറിയ പുസ്തകം. എന്തുകൊണ്ട് അംബദ്ക്കർ മഹദ് സത്യാഗ്രഹം നടത്തി, എന്തുകൊണ്ട് മനുസ്മൃതി കത്തിച്ചു എന്നെല്ലാം ചെറിയ തോതിലെങ്കിലും മനസ്സിലാക്കാൻ കഴിയും.

അംബദ്ക്കർ പുസ്കം എഴുതിയത് 1935-36 കാലത്താണ്. പക്ഷേ ഇന്നും, ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും ജാതിക്കയറിൽ വരിഞ്ഞു മുറുക്കപ്പെട്ടു കിടക്കുകയാണ് നമ്മൾ. ഉയർന്ന ജാതിക്കാരനായ പ്രധാനാദ്ധ്യാപകനു കുടിക്കാൻ വച്ചിരുന്ന കുടത്തിലെ വെള്ളം ഒരു ഒമ്പതുകാരനായ ദളിത് വിദ്യാർത്ഥി കുടിച്ചതിന് ആ കുട്ടിയെ അടിച്ചു കൊലപ്പെടുത്തിയത് രാജസ്ഥാനിലാണ്, ആഗസ്റ്റ്, 2022 ൽ. താഴ്ന്ന ജാതിക്കാരെന്നു മുദ്ര കുത്തിവച്ചിരിക്കുന്നവരോടുള്ള സമാനദ്രോഹങ്ങളെ കുറിച്ചുള്ള വാർത്തകൾ ധാരാളം വരുന്നുണ്ട് ഇപ്പോഴും.

അംബദ്ക്കർ പഠിച്ച ന്യൂയോർക്കിലെ കൊളംബിയ യൂണിവേഴ്സിറ്റിയുടെ സിലബസ്സിൽ Waiting for a visa ഉൾപ്പെടുത്തിയിരുന്നു, അവരുടെ സൈറ്റിൽ നിന്നാണ് മൊഴിമാറ്റം ചെയ്യാനായി ഞാൻ അത് എടുത്തത്.

മൊഴിമാറ്റത്തെ കുറിച്ചു ചിലത്. Annihilation of Caste അടക്കമുള്ള എല്ലാ രചനകളിലും, ജാതി ഹിന്ദുക്കൾ അല്ലാത്ത അസ്പൃശ്യർ എന്നു മുദ്ര

കുത്തപ്പെട്ടിട്ടുള്ള എല്ലാവരേയും അംബദ്ക്കർ untouchables എന്നു മാത്രമാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അത് മനഃപൂർവ്വമാണ് എന്നു ഞാൻ വായിച്ചിട്ടുണ്ട്. ആ വാക്കിനോളം അർത്ഥവ്യാപ്തി മറ്റു വാക്കുകൾക്കു വരില്ലല്ലോ. അതിനാൽ അവർണ്ണർ, അയിത്തക്കാർ, തീണ്ടൽ ജാതിക്കാർ, അധഃകൃതർ, അധഃസ്ഥിതർ തുടങ്ങിയവ വായനയിലെ ആവർത്തനത്തിന്റെ മടുപ്പു മാറ്റാൻ എഴുതാമായിരുന്നിട്ടു കൂടി, ഞാനും തൊട്ടുകൂടാത്തവർ എന്നു മാത്രമാണ് അധികവും ഉപയോഗിച്ചിട്ടുള്ളത്.

സാധാരണഗതിയിൽ കൂടുതൽ വായനാസുഖത്തിനും മുഴച്ചു നിൽക്കാതിരിക്കാനും മറ്റുമായി മൊഴിമാറ്റങ്ങളിൽ ടൈറ്റിലുകൾ വരെ മാറ്റി എഴുതാറുണ്ട്. ഇതിൽ ഞാൻ അതും ചെയ്തിട്ടില്ല. കഴിയുന്നത്ര അതു പോലെ തന്നെ നിലനിർത്തിയിട്ടുണ്ട്. കാരണം അംബദ്ക്കർ ഇത് എഴുതിയിട്ട് അങ്ങനെ കാര്യമായ എഡിറ്റിംഗ് ഒന്നും നടത്തിയിട്ടില്ല എന്നാണ് തോന്നുന്നത്. അതിനാൽ ഞാനും എഴുതിയതിനെ കൂടുതൽ ഭംഗിപ്പെടുത്തിയിട്ടില്ല.

പല സ്ഥലപ്പേരുകളും തസ്തികപ്പേരുകളും കൃത്യമായി മനസ്സിലാക്കാനായില്ല, അവ അതുപോലെ തന്നെ എഴുതിയിരിക്കുകയാണ്.

Ref: http://www.columbia.edu/itc/mealac/pritchett/00ambedkar/txt_ambedkar_waiting.html

ശ്രീലത എസ്

sreelathas2811@gmail.com

ആമുഖം

തൊട്ടുകൂടായ്മ എന്നൊന്നുണ്ട് എന്നു വിദേശികൾക്ക് നിശ്ചയമായും അറിയാം. എന്നാൽ തങ്ങളുടെ തൊട്ടടുത്ത് അതില്ലാത്തതു കൊണ്ട്, യഥാർത്ഥത്തിൽ അത് എത്രമാത്രം അടിച്ചമർത്തലാണെന്ന് അവർക്ക് തിരിച്ചറിയാൻ കഴിയില്ല. ഒരു വലിയ കൂട്ടം ഹിന്ദുക്കൾ അടങ്ങുന്ന ഒരു ഗ്രാമത്തിന്റെ മൂലയിൽ ഏതാനും തൊട്ടുകൂടാത്ത ആളുകൾക്ക് എങ്ങനെ ജീവിക്കാൻ കഴിയുമെന്ന് അവർക്ക് മനസ്സിലാക്കാൻ പ്രയാസമാണ്; ഗ്രാമത്തെ അതിന്റെ ഏറ്റവും അസ്വീകാര്യമായ മാലിന്യത്തിൽ നിന്ന് മോചിപ്പിക്കുക, പ്രത്യേകം പ്രത്യേകമായും മൊത്തത്തിലും ജോലികൾ നിർവ്വഹിക്കുക എന്നീ ദൗത്യങ്ങൾക്കു വേണ്ടി ദിവസവും ഗ്രാമത്തിലൂടെ പോകുക; ഹിന്ദുക്കളുടെ വാതിലുകളിൽ നിന്നു ഭക്ഷണം ശേഖരിക്കുക; അകലെ നിന്നുകൊണ്ട് ഹിന്ദു ബനിയയുടെ കടകളിൽ നിന്നു സുഗന്ധവ്യഞ്ജനങ്ങളും എണ്ണയും വാങ്ങുക; ഗ്രാമത്തെ എല്ലാ വിധത്തിലും അവരുടെ വീടായി കണക്കാക്കുക - അതേ സമയം ഗ്രാമത്തിൽ പെട്ട ആരെയും സ്പർശിക്കുകയോ ആരാലും സ്പർശിക്കപ്പെടുകയോ ചെയ്യാതെയുമിരിക്കുക. ഇത് വിദേശികൾക്ക് ഒരിക്കലും മനസ്സിലാവില്ല.

ജാതി ഹിന്ദുക്കൾ (Caste Hindus) തൊട്ടുകൂടാത്തവരോട് എങ്ങനെ പെരുമാറുന്നു എന്നതിനെക്കുറിച്ച് വ്യക്തമായി ഒരു ആശയം ഏതു വിധത്തിൽ നൽകാനാകും എന്നതാണ് പ്രശ്നം. ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുന്ന രണ്ട് രീതികളുണ്ട് - ഒന്നുകിൽ ഒരു പൊതു വിവരണം നൽകുക, അല്ലെങ്കിൽ അവരോടു പെരുമാറിയിരുന്ന രീതികളെ കുറിച്ചു രേഖപ്പെടുത്തുക. ആദ്യത്തേതിനേക്കാൾ രണ്ടാമത്തേത് ആയിരിക്കും കൂടുതൽ ഫലപ്രദമാകുക എന്ന് എനിക്കു തോന്നി. ഈ വർണ്ണനകൾ ഭാഗികമായി എന്റെ അനുഭവത്തിൽ നിന്നും ഭാഗികമായി മറ്റുള്ളവരുടെ അനുഭവത്തിൽ നിന്നും ഞാൻ തെരഞ്ഞെടുത്തവയാണ്. എന്റെ ജീവിതാനുഭവങ്ങളിലൂടെ ഞാൻ തുടങ്ങട്ടെ.

അദ്ധ്യായം 01

കൊറേഗാവിലേക്കുള്ള ഒരു ബാല്യകാലയാത്ര ഒരു പേക്കിനാവായി മാറുന്നു

ബോംബെ പ്രസിഡൻസിയിലെ രത്നഗിരി ജില്ലയിലെ ദാപോളി -Dapoli - താലൂക്കുകാരായിരുന്നു ഞങ്ങളുടെ കുടുംബം. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഭരണത്തിന്റെ തുടക്കം മുതൽ, കമ്പനിയുടെ സൈന്യത്തിൽ സേവനത്തിനായി എന്റെ പൂർവ്വപിതാക്കന്മാർ തങ്ങളുടെ പാരമ്പര്യ തൊഴിൽ ഉപേക്ഷിച്ചിരുന്നു. എന്റെ അച്ഛനും കുടുംബ പാരമ്പര്യം പിന്തുടരുകയും സൈന്യത്തിൽ സേവനം തേടുകയും ചെയ്തു. അദ്ദേഹം ഒരു ഓഫീസർ പദവിയിലേക്ക് ഉയർന്നു, വിരമിക്കുമ്പോൾ ഒരു സുബേദാർ ആയിരുന്നു. വിരമിച്ചപ്പോൾ എന്റെ അച്ഛൻ ദാപോളിയിൽ സ്ഥിരതാമസമാക്കാം എന്ന ഉദ്ദേശത്തോടെ കുടുംബത്തെ അങ്ങോട്ടു കൊണ്ടുപോയി. പക്ഷേ എന്തുകൊണ്ടോ അച്ഛൻ ആ തീരുമാനം മാറ്റി. ദാപോളി വിട്ട് കുടുംബം സത്താറയിലേക്ക്- Satara - താമസം മാറ്റി,1904 വരെ ഞങ്ങൾ അവിടെ - Koregaon - താമസിച്ചു.

എന്റെ മനസ്സിൽ ആദ്യം പതിഞ്ഞ സംഭവം നടന്നത് ഏകദേശം 1901-ൽ ഞങ്ങൾ സത്താറയിലായിരുന്നപ്പോഴാണ്. അപ്പോഴേയക്കും എന്റെ അമ്മ മരിച്ചു പോയിരുന്നു. ആയിരക്കണക്കിനു പട്ടിണിബാധിതർ മരിച്ചുകൊണ്ടിരുന്നതിനാൽ അവർക്കു ജോലി നൽകുന്നതിനായി ബോംബെ ഗവൺമെന്റ് സത്താറ ജില്ലയിലെ ഖതാവ് താലൂക്കിലെ കൊറേഗാവ് - - എന്ന സ്ഥലത്ത്, ഒരു ടാങ്ക് [കൃത്രിമ ജലസംഭരണി] ഖനനം ചെയ്യുന്ന ജോലി ആരംഭിച്ചിരുന്നു, അവിടെ കാഷ്യറായി സേവനമനുഷ്ഠിക്കുകയായിരുന്നു എന്റെ അച്ഛൻ.

എന്റെ അച്ഛൻ കൊറേഗാവിൽ പോയപ്പോൾ എന്നെയും എന്നേക്കാൾ പ്രായമുള്ള എന്റെ സഹോദരനെയും മരിച്ചുപോയ എന്റെ മൂത്ത സഹോദരിയുടെ രണ്ട് ആൺമക്കളെയും എന്റെ അമ്മായിയുടെയും ചില നല്ല അയൽക്കാരുടെയും ചുമതലയിൽ ഏൽപ്പിച്ചു. എനിക്കറിയാവുന്ന ഏറ്റവും ദയാലുവായ ആളായിരുന്നു എന്റെ അമ്മായി, പക്ഷേ അവർക്കു ഞങ്ങളെ സഹായിക്കാനായില്ല. അവർ വളരെ ഉയരം കുറഞ്ഞ ഒരാൾ ആയിരുന്നു, പോരാത്തതിനു അവരുടെ കാലുകൾക്ക് ചില സ്വാധീനക്കുറവുകളും ഉണ്ടായിരുന്നു, അതിനാൽ പരസഹായം കൂടാതെ അവർക്ക് സഞ്ചരിക്കാൻ ആവില്ലായിരുന്നു. പലപ്പോഴും എനിക്ക് അവരെ എഴുന്നേൽപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. എനിക്ക് സഹോദരിമാരുണ്ടായിരുന്നു. അവർ വിവാഹിതരായി താന്താങ്ങളുടെ കുടുംബങ്ങളോടൊപ്പം കഴിയുകയായിരുന്നു.

ഞങ്ങൾക്കുള്ള ഭക്ഷണം പാകം ചെയ്യുന്നത് ഒരു പ്രശ്നമായിത്തീർന്നു, പ്രത്യേകിച്ചും അമ്മായിക്ക് അവരുടെ നിസ്സഹായത കാരണം, പാചകം ചെയ്യാനായില്ല. ഞങ്ങൾ നാല് കുട്ടികൾ സ്കൂളിൽ പോയി, ഞങ്ങളുടെ ഭക്ഷണം സ്വയം പാകം ചെയ്യുകയും ചെയ്തു. ഞങ്ങൾക്ക് ചപ്പാത്തി ഉണ്ടാക്കാൻ കഴിഞ്ഞില്ല, അതിനാൽ ഞങ്ങൾ പുലാവ് കഴിച്ചാണ് കഴിഞ്ഞു

കൂടിയത്, കാരണം ചോറും ആട്ടിറച്ചിയും കലർത്തുന്നതല്ലാതെ മറ്റൊന്നും ആവശ്യമില്ലാത്ത, തയ്യാറാക്കാൻ ഏറ്റവും എളുപ്പമുള്ള വിഭവമാണ് അതെന്നു ഞങ്ങൾ കണ്ടെത്തിയിരുന്നു.

കാഷ്യറായതിനാൽ, ജോലിസ്ഥലം വിട്ടു ഞങ്ങളെ കാണാൻ സത്താറയിൽ വരാൻ എന്റെ പിതാവിന് കഴിയുമായിരുന്നില്ല; അതിനാൽ കൊറേഗാവിൽ വന്ന് ഞങ്ങളുടെ വേനൽക്കാല അവധിക്കാലം അച്ഛനോടൊപ്പം ചെലവഴിക്കാൻ അദ്ദേഹം ഞങ്ങൾക്ക് കത്തെഴുതി. കുട്ടികളായ ഞങ്ങളെ ഈ പുതിയ പദ്ധതി വളരെയധികം ആവേശഭരിതരാക്കി. പ്രത്യേകിച്ചും ഞങ്ങളാരും അന്നേവരെ റെയിൽവേ ട്രെയിൻ കണ്ടിട്ടുണ്ടായിരുന്നില്ല എന്നതിനാൽ.
വലിയ തയ്യാറെടുപ്പുകൾ ആണ് നടത്തിയത്. ഇംഗ്ലീഷ് നിർമ്മിത പുതിയ ഷർട്ടുകൾ, ശോഭയുള്ള ആഭരണങ്ങൾ പിടിപ്പിച്ച തൊപ്പികൾ, പുതിയ ഷൂവുകൾ, പുതിയ സിൽക്കു കരയുള്ള ധോത്തികൾ എന്നിവ, യാത്രയ്ക്കായി ഓർഡർ ചെയ്തു. ഞങ്ങളുടെ യാത്രയെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും എന്റെ അച്ഛൻ ഞങ്ങൾക്ക് നൽകിയിരുന്നു, ഞങ്ങൾ ഏതു ദിവസമാണ് പുറപ്പെടുന്നത്, എന്ന് അറിയിക്കാൻ ഞങ്ങളോട് പറഞ്ഞു, അപ്പോൾ ഞങ്ങളെ കാണാനും കൊണ്ടുപോകാനും അദ്ദേഹത്തിന് തന്റെ ശിപായിയെ റെയിൽവേ സ്റ്റേഷനിലേക്ക് അയയ്ക്കാനാകും. അങ്ങനെ അവിടെ നിന്ന് ഞങ്ങളെ കൊറേഗാവിലേക്ക് എത്തിക്കാനും കഴിയും. ഈ ക്രമീകരണമനുസരിച്ച് എന്റെ സഹോദരനും ഞാനും എന്റെ സഹോദരിയുടെ പുത്രന്മാരും സത്താറ വിട്ടു, ഞങ്ങൾ അമ്മായിയെ അയൽവാസികളുടെ ചുമതലയിൽ ആക്കി, അവർ അവരെ വേണ്ടവണ്ണം പരിപാലിച്ചു കൊള്ളാം എന്ന് ഉറപ്പു നൽകി.

ഞങ്ങളുടെ സ്ഥലത്ത് നിന്നു പത്ത് മൈൽ അകലെയായിരുന്നു റെയിൽവേ സ്റ്റേഷൻ, ഞങ്ങളെ സ്റ്റേഷനിലേക്ക് കൊണ്ടുപോകാൻ ഒരു ടോംഗ (ഒറ്റക്കുതിരവണ്ടി) ഏർപ്പെടുത്തിയിരുന്നു. ഈ അവസരത്തിനായി പ്രത്യേകം തയ്യാറാക്കിയ പുതിയ വസ്ത്രം ധരിച്ച്, സന്തോഷത്തോടെ ഞങ്ങൾ വീട്ടിൽ നിന്ന് ഇറങ്ങി - പക്ഷേ ഞങ്ങളുടെ വേർപാടിൽ സങ്കടം കൊണ്ട് ഏതാണ്ട് കിടപ്പിലായി പോയ എന്റെ അമ്മായിയുടെ നിലവിളികൾക്കിടയിലായിരുന്നു ഞങ്ങളുടെ യാത്ര പുറപ്പെടൽ.

ഞങ്ങൾ സ്റ്റേഷനിൽ എത്തിയപ്പോൾ എന്റെ സഹോദരൻ ടിക്കറ്റ് വാങ്ങി, ഞങ്ങളുടെ ഇഷ്ടാനുസരണം ചെലവഴിക്കാനായി എനിക്കും എന്റെ സഹോദരിയുടെ മകനും രണ്ട് അണ വീതം പോക്കറ്റ് മണിയായി നൽകുകയും ചെയ്തു. ഞങ്ങൾ ഉടൻ തന്നെ ഞങ്ങളുടെ വിപ്ലവകരമായ ജീവിതം ആരംഭിച്ചു, ഓരോരുത്തരും തുടക്കത്തിൽ ഓരോ കുപ്പി നാരങ്ങാവെള്ളം ഓർഡർ ചെയ്തു. അൽപ്പ സമയത്തിനകം ട്രെയിൻ വിസിൽ മുഴക്കി, എങ്ങാനും പിന്നിലായിപ്പോയി കയറാനാവാതെ വന്നാലോ എന്ന ഭയത്താൽ ഞങ്ങൾ കഴിയുന്നത്ര വേഗത്തിൽ അതിൽ കയറിക്കൂടി. കൊറേഗാവിന് ഏറ്റവും അടുത്തുള്ള റെയിൽവേ സ്റ്റേഷനായ മസൂരിൽ ഇറങ്ങണമെന്ന് അച്ഛൻ ഞങ്ങളോട് പറഞ്ഞിരുന്നു.

വൈകുന്നേരം അഞ്ചു മണിയോടെ ട്രെയിൻ മസൂറിൽ എത്തി, ഞങ്ങൾ ലഗേജുമായി ഇറങ്ങി. ഏതാനും മിനിറ്റുകൾക്കുള്ളിൽ ട്രെയിനിൽ നിന്ന് ഇറങ്ങിയ എല്ലാ യാത്രക്കാരും അവരവരുടെ ലക്ഷ്യസ്ഥാനങ്ങളിലേക്ക് പോയി. ഞങ്ങൾ മൂന്നു മക്കൾ പ്ലാറ്റ്ഫോമിൽ തങ്ങി, അച്ഛനോ അച്ഛൻ അയയ്ക്കുമെന്നു പറഞ്ഞിരുന്ന ആളോ വരുമെന്നു കരുതി ഞങ്ങൾ ഏറെ നേരം കാത്തിരുന്നു - പക്ഷേ ആരും വന്നില്ല. ഒരു മണിക്കൂർ കഴിഞ്ഞു, സ്റ്റേഷൻ മാസ്റ്റർ അന്വേഷിച്ചു വന്നു. ഞങ്ങളോട് ടിക്കറ്റ് ചോദിച്ചു. ഞങ്ങൾ അവ കാണിച്ചുകൊടുത്തു. എന്തിനാണ് പോകാതെ അവിടെ തങ്ങുന്നത് എന്ന് അദ്ദേഹം തിരക്കി.

ഞങ്ങൾ കൊറേഗാവിലേക്ക് പുറപ്പെട്ടതാണെന്നും അച്ഛനോ അദ്ദേഹം അയയ്ക്കുന്ന ആളോ വരുന്നതിനായി കാത്തിരിക്കുകയാണെന്നും പക്ഷേ അവർ ആരും ഇതുവരെ വന്നിട്ടില്ല, അവിടെ എങ്ങനെ എത്തണമെന്ന് ഞങ്ങൾക്ക് അറിയുകയുമില്ല എന്നും ഞങ്ങൾ അദ്ദേഹത്തോടു പറഞ്ഞു. ഞങ്ങൾ നല്ല വസ്ത്രം ധരിച്ച കുട്ടികളായിരുന്നു. ഞങ്ങളുടെ വസ്ത്രധാരണത്തിൽ നിന്നോ സംസാരത്തിൽ നിന്നോ ഞങ്ങൾ തൊട്ടുകൂടാത്തവരുടെ മക്കളാണെന്ന് ആർക്കും മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. ഞങ്ങൾ ബ്രാഹ്മണ കുട്ടികളാണെന്ന് സ്റ്റേഷൻ മാസ്റ്ററിന് ഉറപ്പുണ്ടായിരുന്നു, ഞങ്ങൾ പെട്ടു പോയ ദുരവസ്ഥ അദ്ദേഹത്തെ അങ്ങേയറ്റം സ്പർശിച്ചു.

ഹിന്ദുക്കൾക്കിടയിൽ പതിവുള്ളതു പോലെ, ഞങ്ങൾ ആരാണെന്ന് സ്റ്റേഷൻ മാസ്റ്റർ ചോദിച്ചു. ഒരു നിമിഷം പോലും ആലോചിക്കാതെ ഞങ്ങൾ മഹർ ആണെന്ന് ഞാൻ വിളിച്ചു പറഞ്ഞു (ബോംബെ പ്രസിഡൻസിയിൽ തൊട്ടുകൂടാത്തവരായി പരിഗണിക്കപ്പെട്ടിരുന്ന സമുദായങ്ങളിലൊന്നാണ് മഹർ). അയാൾ സ്തംഭിച്ചുപോയി. അയാളുടെ മുഖത്ത് പെട്ടെന്നൊരു മാറ്റം വന്നു. ഒരു വിചിത്രമായ വെറുപ്പുളവാക്കുന്ന വികാരത്തിന് അയാൾ കീഴ്പ്പെട്ടതായി ഞങ്ങൾക്ക് തോന്നി. എന്റെ മറുപടി കേട്ടതും അയാൾ അയാളുടെ മുറിയിലേക്ക് പോയി, ഞങ്ങൾ അവിടെത്തന്നെ നിന്നു. പതിനഞ്ച് ഇരുപത് മിനിറ്റ് കഴിഞ്ഞു; സൂര്യൻ ഏതാണ്ട് അസ്തമിച്ചു. അച്ഛൻ വന്നില്ല, ആരേയും അയച്ചതുമില്ല; ഇപ്പോൾ സ്റ്റേഷൻ മാസ്റ്ററും ഞങ്ങളെ കൈ വെടിഞ്ഞു. ഞങ്ങൾ ആകെ ആശയക്കുഴപ്പത്തിലായി, യാത്രയുടെ തുടക്കത്തിൽ ഞങ്ങൾ അനുഭവിച്ച ഉത്സാഹവും സന്തോഷവും എല്ലാം അങ്ങേയറ്റത്തെ സങ്കടത്തിന് വഴിമാറി.

അരമണിക്കൂറിനുശേഷം, സ്റ്റേഷൻ മാസ്റ്റർ തിരിച്ചെത്തി, ഞങ്ങൾ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് ചോദിച്ചു. ഒരു കാളവണ്ടി വാടകയ്ക്ക് കിട്ടിയാൽ കൊറേഗാവിലേക്ക് പോകാമെന്ന് ഞങ്ങൾ പറഞ്ഞു; അത് വളരെ ദൂരെയല്ലെങ്കിൽ, ഞങ്ങൾ ഉടൻ തന്നെ യാത്ര തുടങ്ങാൻ ആഗ്രഹിക്കുന്നു എന്നും പറഞ്ഞു. അവിടെ ധാരാളം കാളവണ്ടികൾ കൂലിക്ക് ഓടുന്നുണ്ടായിരുന്നു. എന്നാൽ ഞങ്ങൾ മഹർമാരാണെന്ന് സ്റ്റേഷൻ മാസ്റ്ററോട് ഞാൻ നൽകിയ മറുപടി വണ്ടിക്കാരുടെ ഇടയിലും എത്തിയിരുന്നു, അവരിൽ ഒരാൾ പോലും സ്വയം അശുദ്ധമാക്കപ്പെടുന്നതിനും തൊട്ടുകൂടാത്ത വിഭാഗങ്ങളിലെ യാത്രക്കാരെ കയറ്റി സ്വയം അപമാനിക്കപ്പെടുന്നതിനും തയ്യാറായില്ല. യാത്രാക്കൂലിയുടെ

ഇരട്ടി നൽകാൻ ഞങ്ങൾ തയ്യാറായിരുന്നു, പക്ഷേ പണം പ്രവർത്തിക്കുന്നില്ലെന്ന് ഞങ്ങൾ കണ്ടെത്തി.

ഞങ്ങൾക്കു വേണ്ടി ചർച്ച നടത്തിയിരുന്ന സ്റ്റേഷൻ മാസ്റ്റർ എന്തു ചെയ്യണമെന്നറിയാതെ നിശബ്ദനായി നിലകൊണ്ടു. പെട്ടെന്ന് അയാളുടെ തലയിൽ ഒരു ചിന്ത ഉദിച്ചതുപോലെ തോന്നി, അയാൾ ചോദിച്ചു, 'നിങ്ങൾക്ക് വണ്ടി ഓടിക്കാൻ കഴിയുമോ?' അയാൾ ഞങ്ങളുടെ ബുദ്ധിമുട്ടിന് ഒരു പരിഹാരം കണ്ടെത്തുകയാണെന്ന് തോന്നിയപ്പോൾ, 'കഴിയും, ഞങ്ങൾക്കു കഴിയും' എന്ന് ഞങ്ങൾ വിളിച്ചുപറഞ്ഞു. ആ മറുപടിയുമായി അദ്ദേഹം പോയി, വണ്ടിക്കാരന് ഇരട്ടി കൂലി കൊടുത്ത് വണ്ടി ഓടിക്കാമെന്നും ഞങ്ങളുടെ യാത്രയിൽ വണ്ടിയോടൊപ്പം അയാൾ കാൽനടയായി നടക്കണമെന്നും സ്റ്റേഷൻ മാസ്റ്റര് ഞങ്ങൾക്കുവേണ്ടി നിർദ്ദേശിച്ചു. ഒരു വണ്ടിക്കാരൻ സമ്മതിച്ചു, കാരണം അത് അയാൾക്ക് കൂലി സമ്പാദിക്കാൻ അവസരമൊരുക്കുകയും അതേ സമയം സ്വയം മലിനമാകുന്നതിൽ നിന്ന് അയാളെ രക്ഷിക്കുകയും ചെയ്യുമല്ലോ.

സമയം ഏകദേശം 6:30 ആയിരുന്നു, യാത്ര തിരിക്കാൻ തുടങ്ങിയപ്പോൾ. പക്ഷേ, വല്ലാതെ ഇരുട്ടുന്നതിന് മുമ്പ് കൊറേഗാവിൽ എത്താമെന്ന് ഉറപ്പ് കിട്ടുന്നത് വരെ സ്റ്റേഷനിൽ നിന്ന് പുറത്തിറങ്ങുന്നതിനെ കുറിച്ച് ഞങ്ങൾ ആശങ്കാകുലരായിരുന്നു. അതിനാൽ വണ്ടിക്കാരനോട് ദൂരത്തെക്കുറിച്ചും കൊറേഗാവിൽ എത്താൻ എടുക്കുന്ന സമയത്തെക്കുറിച്ചും ചോദിച്ചു. ഇത് മൂന്ന് മണിക്കൂറിൽ കൂടില്ലെന്ന് അയാൾ ഉറപ്പ് നൽകി. അയാളുടെ വാക്ക് വിശ്വസിച്ച് ഞങ്ങൾ ലഗേജ് വണ്ടിയിൽ കയറ്റി, സ്റ്റേഷൻ മാസ്റ്ററോട് നന്ദി പറഞ്ഞു വണ്ടിയിൽ കയറി. ഞങ്ങളിൽ ഒരാൾ കടിഞ്ഞാൺ എടുത്തു, വണ്ടി നീങ്ങിത്തുടങ്ങി, ആ മനുഷ്യൻ കാളവണ്ടിയുടെ അരികിലൂടെ നടന്നും തുടങ്ങി.

സ്റ്റേഷനിൽ നിന്ന് അധികം അകലെയല്ലാതെ ഒരു നദി ഒഴുകിയിരുന്നു. ചെറിയ വെള്ളക്കെട്ടുകളുള്ള ചില സ്ഥലങ്ങളിലൊഴികെ, ഇത് തികച്ചും വരണ്ടതായിരുന്നു. വഴിയിൽ വെള്ളം കിട്ടാത്തതിനാൽ അവിടെ നിർത്തി ഭക്ഷണം കഴിക്കണമെന്ന് വണ്ടിയുടെ ഉടമ നിർദ്ദേശിച്ചു. ഞങ്ങൾ സമ്മതിച്ചു. ഗ്രാമത്തിൽ പോയി ഭക്ഷണം കഴിക്കാൻ തന്റെ യാത്രാക്കൂലിയുടെ ഒരു ഭാഗം നൽകാൻ അയാൾ ആവശ്യപ്പെട്ടു. എന്റെ സഹോദരൻ അയാൾക്ക് കുറച്ച് പണം നൽകി, ഉടൻ മടങ്ങിവരാമെന്ന് വാക്കു പറഞ്ഞ് അയാൾ പോയി. ഞങ്ങൾക്ക് നല്ല വിശപ്പുണ്ടായിരുന്നു, വല്ലതും കഴിക്കാൻ അവസരം ലഭിച്ചതിൽ ഞങ്ങൾ സന്തോഷിച്ചു. എന്റെ അമ്മായി ഞങ്ങളുടെ അയൽവാസികളായ സ്ത്രീകളെ നിർബന്ധിച്ച് കൈയ്യിൽ കരുതാനായി കുറച്ച് നല്ല ഭക്ഷണം തയ്യാറാക്കിച്ച് തന്നു വിട്ടിരുന്നു. ഞങ്ങൾ ഊൺപാത്രങ്ങൾ തുറന്ന് ഭക്ഷണം കഴിക്കാൻ തുടങ്ങി. പാത്രങ്ങൾ കഴുകാൻ വെള്ളം ആവശ്യമായിരുന്നു. ഞങ്ങളിലൊരാൾ അടുത്തുള്ള നദീതടത്തിലെ വെള്ളക്കെട്ടിലേക്ക് പോയി. എന്നാൽ യഥാർത്ഥത്തിൽ അവിടെയുള്ളത് വെള്ളമായിരുന്നില്ല. വെള്ളം കുടിക്കാൻ പോയ പശുക്കളുടെയും എരുമകളുടെയും മറ്റ് കന്നുകാലികളുടെയും ചെളിയും മൂത്രവും വിസർജ്യവും കൊണ്ട് കട്ടിയുള്ള ചെളിക്കുണ്ടായിരുന്നു അത്. വാസ്തവത്തിൽ, ആ വെള്ളം

മനുഷ്യോപയോഗത്തിന് ഉദ്ദേശിച്ചുള്ളതായിരുന്നുമില്ല. ഏതായാലും വെള്ളത്തിന്റെ ദുർഗന്ധം അതി രൂക്ഷമായിരുന്നതിനാൽ ഞങ്ങൾക്ക് അത് കുടിക്കാൻ കഴിഞ്ഞില്ല. അതിനാൽ തന്നെ തൃപ്തിയാവോളം ഭക്ഷണം കഴിക്കാനുമായില്ല. ഊൺപാത്രങ്ങൾ അടച്ച് വണ്ടിക്കാരന്റെ വരവിനായി കാത്തിരിപ്പു തുടങ്ങി. കുറേ നേരമായിട്ടും അയാൾ വന്നില്ല, എല്ലാ ദിക്കുകളിലും അയാളെ തിരയുക മാത്രമാണ് ഞങ്ങൾക്ക് ആകെ ചെയ്യാൻ കഴിയുമായിരുന്നത്.

ഒടുവിൽ അയാൾ വന്നു, ഞങ്ങൾ യാത്രയും തുടങ്ങി. ഏകദേശം നാലോ അഞ്ചോ മൈൽ ഞങ്ങൾ വണ്ടി ഓടിച്ചു, അയാൾ കാൽനടയായി വണ്ടിയ്ക്കൊപ്പം നടക്കുകയും ചെയ്തു. പക്ഷേ അയാൾ പൊടുന്നനെ വണ്ടിയിൽ ചാടിക്കയറി ഞങ്ങളുടെ കൈയ്യിൽ നിന്ന് കടിഞ്ഞാൺ വാങ്ങി. അശുദ്ധി ഭയന്ന് വണ്ടി വാടകയ്ക്ക് തരുവാൻ വിസമ്മതിച്ച ഒരാളുടെ ഭാഗത്ത് നിന്ന് ഇത് തികച്ചും വിചിത്രമായ പെരുമാറ്റമാണെന്ന് ഞങ്ങൾക്കു തോന്നി - തന്റെ മതപരമായ എല്ലാ കാര്യങ്ങളും മാറ്റിവച്ച് ഞങ്ങളോടൊപ്പം ഒരേ വണ്ടിയിൽ ഇരിയ്ക്കാൻ തയ്യാറായി; എന്നാൽ ഈ വിഷയത്തിൽ അയാളോട് ഒരു ചോദ്യവും ചോദിക്കാൻ ഞങ്ങൾ ധൈര്യപ്പെട്ടില്ല. ലക്ഷ്യസ്ഥാനമായ കൊറേഗാവിൽ എത്രയും വേഗം എത്തിച്ചേരാനുള്ള ആകാംക്ഷയിലായിരുന്നു ഞങ്ങൾ. പിന്നെ കുറച്ചു നേരം വണ്ടിയുടെ ചലനത്തിൽ മാത്രമേ ഞങ്ങൾക്ക് താൽപ്പര്യം ഉണ്ടായിരുന്നുള്ളു.

എന്നാൽ താമസിയാതെ ഞങ്ങൾക്കു ചുറ്റും ഇരുട്ട് പരന്നു. ഇരുട്ടിനെ അകറ്റാൻ തെരുവുവിളക്കുകൾ ഉണ്ടായിരുന്നില്ല. ഞങ്ങൾ മറ്റു മനുഷ്യരുടെ ഇടയിലാണെന്ന തോന്നൽ ഉളവാക്കും വിധം പുരുഷന്മാരോ സ്ത്രീകളോ പോയിട്ട്, കന്നുകാലികൾ പോലും അതുവഴി കടന്നുപോകുന്നുണ്ടായിരുന്നുമില്ല. ഞങ്ങളെ മൂടിയിരുന്ന ഏകാന്തത ഞങ്ങള ഭയചകിതരാക്കി. ഞങ്ങളുടെ ഉത്കണ്ഠ വർദ്ധിച്ചുകൊണ്ടേയിരുന്നു. ഞങ്ങൾക്ക് ഉണ്ടായിരുന്ന സകല ധൈര്യവും സംഭരിച്ചു. ഞങ്ങൾ മസൂറിൽ നിന്ന് ഒരുപാട് ദൂരം സഞ്ചരിച്ചിരുന്നു. മൂന്നു മണിക്കൂറിലേറെയായി. എന്നാൽ കൊറേഗാവിന്റെ ലക്ഷണമൊന്നും ഒട്ടു കണ്ടതുമില്ല.
ഞങ്ങളുടെ ഉള്ളിൽ വിചിത്രമായ ഒരു ചിന്ത ഉയർന്നു. വണ്ടിക്കാരൻ വഞ്ചനയാണ് ഉദ്ദേശിച്ചതെന്നും ഞങ്ങളെ കൊല്ലാൻ ഏകാന്തമായ സ്ഥലത്തേക്ക് കൊണ്ടുപോകുകയായിരുന്നെന്നും സംശയിച്ചു. ഞങ്ങളുടെ പക്കൽ ധാരാളം സ്വർണ്ണാഭരണങ്ങൾ ഉണ്ടായിരുന്നു, അത് ഞങ്ങളുടെ സംശയം ബലപ്പെടുത്താൻ സഹായിച്ചു. കൊറേഗാവിലേക്ക് എത്ര ദൂരമുണ്ടെന്നും അവിടെ എത്താൻ ഇത്ര വൈകുന്നത് എന്തുകൊണ്ടാണെന്നും ഞങ്ങൾ അയാളോട് തിരക്കാൻ തുടങ്ങി. 'ഇനി അധികം ദൂരമില്ല, നമ്മൾ ഉടനേ എത്തിച്ചേരും,' എന്ന് അയാൾ പറഞ്ഞു കൊണ്ടേയിരുന്നു, അപ്പോൾ രാത്രി ഏകദേശം രാത്രി 10:00 മണിയായിരുന്നു. അപ്പോഴും കൊറേഗാവിന്റെ ഒരു തുമ്പും ഇല്ലെന്ന് കണ്ടപ്പോൾ, ഞങ്ങൾ കുട്ടികൾ കരയാനും വണ്ടിക്കാരനെ അധിക്ഷേപിക്കാനും തുടങ്ങി.

ഞങ്ങളുടെ വിലാപങ്ങളും ദീനരോദനങ്ങളും ഏറെ നേരം തുടർന്നു. വണ്ടിക്കാരൻ ഒരു മറുപടിയും പറഞ്ഞില്ല.

പെട്ടെന്നു കുറച്ചു ദൂരെയായി ഒരു വിളക്ക് കത്തുന്നത് ശ്രദ്ധയിൽ പെട്ടു. 'നിങ്ങൾ ആ വെട്ടം കാണുന്നില്ലേ? അത് ചുങ്കം പിരിവുകാരന്റെ വീട്ടിലെ വെളിച്ചമാണ്. രാത്രി നമുക്ക് അവിടെ തങ്ങാം,' വണ്ടിക്കാരൻ പറഞ്ഞു. ഞങ്ങൾക്ക് കുറച്ച് ആശ്വാസം തോന്നി, കരച്ചിൽ നിർത്തുകയും ചെയ്തു. പക്ഷേ വെളിച്ചം വളരെ ദൂരത്തായിരുന്നു, ഞങ്ങൾക്ക് ഒരിക്കലും അവിടെയെത്താൻ കഴിയുമെന്നു പോലും തോന്നിയില്ല. അവസാനം ചുങ്കം പിരിവുകാരന്റെ കുടിലിലെത്താൻ രണ്ട് മണിക്കൂർ എടുത്തു. ഇടവേള ഞങ്ങളുടെ ഉത്കണ്ഠ വർദ്ധിപ്പിച്ചു, ഞങ്ങൾ വണ്ടിക്കാരനോട് സ്ഥലത്തെത്താൻ വൈകിയതെന്താണ്, നമ്മൾ ശരിയായ റോഡിലൂടെയാണോ പോകുന്നത് തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നു.

ഒടുവിൽ അർദ്ധരാത്രിയോടെ വണ്ടി ചുങ്കം പിരിവുകാരന്റെ കുടിലിലെത്തി. ഒരു കുന്നിന്റെ അടിവാരത്താണ് ഇത് സ്ഥിതിചെയ്യുന്നത്, പക്ഷേ കുന്നിന്റെ മറുവശത്ത്. അവിടെ എത്തിയപ്പോൾ അവിടെ രാത്രി വിശ്രമത്തിനു തങ്ങിയിരുന്ന ധാരാളം കാളവണ്ടികൾ കണ്ടു. ഞങ്ങൾക്ക് നല്ല വിശപ്പുണ്ടായിരുന്നു, ഭക്ഷണം കഴിക്കാൻ വല്ലാത്ത ആഗ്രഹവും. എന്നാൽ വീണ്ടും വെള്ളത്തിന്റെ പ്രശ്നമുയർന്നു. അതുകൊണ്ട് വെള്ളം കിട്ടുമോ എന്ന് ഞങ്ങൾ കാളവണ്ടിക്കാരനോടു ചോദിച്ചു. ചുങ്കം പിരിവുകാരൻ ഹിന്ദുവാണെന്നും ഞങ്ങൾ മഹർമാരാണെന്നുള്ള സത്യം പറഞ്ഞാൽ ഞങ്ങൾക്ക് വെള്ളം ലഭിക്കാൻ സാധ്യതയില്ലെന്നും അയാൾ മുന്നറിയിപ്പു നൽകി. 'നിങ്ങൾ മുഹമ്മദീയന്മാരാണെന്ന് പറയൂ, ഭാഗ്യം പരീക്ഷിക്കൂ,' അയാൾ അഭിപ്രായപ്പെട്ടു.

അയാളുടെ ഉപദേശപ്രകാരം ഞാൻ ചുങ്കം പിരിവുകാരന്റെ കുടിലിൽ ചെന്ന് ഞങ്ങൾക്ക് കുറച്ച് വെള്ളം തരുമോ എന്ന് ചോദിച്ചു. 'നിങ്ങൾ ആരാണ്?' അയാൾ ആരാഞ്ഞു. ഞങ്ങൾ മുസൽമാൻമാരാണെന്ന് ഞാൻ മറുപടി പറഞ്ഞു. ഞാനൊരു യഥാർത്ഥ മുസൽമാനാണ് എന്നതിൽ സംശയം തോന്നാതിരിക്കാൻ എനിക്ക് നന്നായി വഴങ്ങിയിരുന്ന ഉറുദു ഭാഷയിലാണ് സംസാരിച്ചത്. പക്ഷേ തന്ത്രം ഫലിച്ചില്ല, അയാളുടെ മറുപടി വളരെ കർക്കശമായിരുന്നു. 'നിനക്ക് തരാനായി ഇവിടെ ആരാണ് വെള്ളം വെച്ചിട്ടുള്ളത്? മലയിൽ വെള്ളമുണ്ട്, വേണമെങ്കിൽ അവിടെ പോയി എടുത്തോ, ഇവിടെ വെള്ളമൊന്നുമില്ല,' എന്നു പറഞ്ഞു അയാൾ എന്നെ പിരിച്ചുവിട്ടു. ഞാൻ വണ്ടിയിലേക്ക് മടങ്ങി, എന്റെ സഹോദരനെ അയാളുടെ മറുപടി അറിയിച്ചു. ചേട്ടന് എന്താണ് തോന്നിയതെന്ന് എനിക്കറിയില്ല. ഞങ്ങളോട് കിടക്കാൻ പറയുക മാത്രമാണ് ചേട്ടൻ ചെയ്തത്.

കാളകളെ അഴിച്ചുമാറ്റി, വണ്ടി നിലത്തേക്കു ചരിച്ചു നിർത്തി. വണ്ടിക്കുള്ളിലെ താഴത്തെ പലകകളിൽ കിടക്ക വിരിച്ചു, ഞങ്ങളുടെ ശരീരങ്ങളെ ഞങ്ങൾ വിശ്രമിക്കാൻ കിടത്തി. ഇപ്പോൾ ഞങ്ങൾ സുരക്ഷിതമായ സ്ഥലത്ത് എത്തിയതിനാൽ എന്താണ് സംഭവിച്ചതെന്ന് ഞങ്ങൾ ചിന്തിച്ചില്ല. എന്നാൽ ഏറ്റവും പുതിയ സംഭവത്തിലേക്ക്

തിരിയാതിരിക്കാൻ ഞങ്ങളുടെ മനസ്സിനു കഴിഞ്ഞതുമില്ല. ഞങ്ങളുടെ കൈവശം ധാരാളം ഭക്ഷണമുണ്ടായിരുന്നു. ഞങ്ങളുടെ ഉള്ളിൽ വിശപ്പ് കത്തുന്നുമുണ്ടായിരുന്നു; എന്നിട്ടും ഞങ്ങൾക്ക് ഭക്ഷണമില്ലാതെ ഉറങ്ങേണ്ടി വന്നു. അത് ഞങ്ങൾക്ക് വെള്ളം ലഭിക്കാത്തതിനാലായിരുന്നു. ഞങ്ങൾ തൊട്ടുകൂടാത്തവരായതിനാലാണ് ഞങ്ങൾക്ക് വെള്ളം ലഭിക്കാതിരുന്നത്. ഞങ്ങളുടെ മനസ്സിൽ അവസാനമായി കടന്നുവന്ന ചിന്ത അങ്ങനെയായിരുന്നു. ഞാൻ പറഞ്ഞു, നമ്മൾ സുരക്ഷിതമായ സ്ഥലത്ത് എത്തിയിരിക്കുന്നു. വ്യക്തമായും എന്റെ ജ്യേഷ്ഠന് ആശങ്ക ഉണ്ടായിരുന്നു. ഞങ്ങൾ നാലുപേരും ഒന്നിച്ച് ഉറങ്ങുന്നത് ബുദ്ധിയല്ലെന്ന് ചേട്ടൻ പറഞ്ഞു. എന്തും സംഭവിക്കാം. ഒരു സമയം രണ്ടുപേർ ഉറങ്ങണമെന്നും രണ്ടുപേർ ജാഗ്രത പാലിക്കണമെന്നും നിർദേശിച്ചു. അങ്ങനെ ഞങ്ങൾ ആ കുന്നിൻ ചുവട്ടിൽ രാത്രി കഴിച്ചുകൂട്ടി.

പുലർച്ചെ അഞ്ച് മണിക്ക് വണ്ടിക്കാരൻ വന്നു, കൊറേഗാവിലേക്ക് പുറപ്പെടാൻ നിർദ്ദേശിച്ചു. ഞങ്ങൾ പാടെ നിരസിച്ചു. എട്ടുമണി വരെ അനങ്ങില്ലെന്ന് അയാളോട് തീർത്തു പറഞ്ഞു. ഒരു സാഹസവും പ്രവർത്തിക്കുവാൻ ഞങ്ങൾ ആഗ്രഹിച്ചില്ല. അയാൾ പിന്നെ ഒന്നും പറഞ്ഞില്ല. അങ്ങനെ എട്ടിന് പുറപ്പെട്ട് പതിനൊന്നോടെ കൊറേഗാവിൽ എത്തി. ഞങ്ങളെ കണ്ടപ്പോൾ അച്ഛൻ ആശ്ചര്യപ്പെട്ടു, ഞങ്ങൾ വരുന്നതിനെ കുറിച്ച് തനിക്ക് യാതൊരു അറിയിപ്പും ലഭിച്ചിരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. അറിയിപ്പ് നൽകിയിരുന്നു എന്ന് ഞങ്ങൾ പ്രതിഷേധിച്ചു. അദ്ദേഹം അതു നിഷേധിച്ചു. പിന്നീടാണ് തെറ്റ് അച്ഛന്റെ ശിപായിയുടേതാണെന്ന് കണ്ടെത്തിയത്. അയാൾക്ക് കത്ത് ലഭിച്ചിരുന്നു, പക്ഷേ അത് അച്ഛനു നൽകാൻ അയാൾ വിട്ടു പോയിരുന്നു!

ഈ സംഭവത്തിന് എന്റെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനമുണ്ട്. അത് സംഭവിക്കുമ്പോൾ ഞാൻ ഒമ്പത് വയസ്സുള്ള കുട്ടിയാണ്. പക്ഷേ അത് എന്റെ മനസ്സിൽ മായാത്ത മുദ്ര പതിപ്പിച്ചു.

ഈ അനുഭവത്തിനു മുമ്പു തന്നെ ഞാൻ ഒരു തൊട്ടുകൂടാത്തവനാണെന്നും തൊട്ടുകൂടാത്തവർ ചില അധിക്ഷേപങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരാണെന്നും എനിക്കറിയാമായിരുന്നു. ഉദാഹരണത്തിന്, സ്കൂളിൽ എനിക്ക് എന്റെ റാങ്ക് അനുസരിച്ച് എന്റെ സഹപാഠികളുടെ നടുവിൽ ഇരിക്കാൻ കഴിയില്ലെന്നും ഞാൻ തനിയെ ഒരു മൂലയിൽ ഇരിക്കണമെന്നും എനിക്കറിയാമായിരുന്നു. അതേ പോലെ സ്കൂളിൽ എനിക്ക് ക്ലാസ്സ്മുറിയിൽ കുത്തി ഇരിക്കാൻ ഒരു പ്രത്യേക ചാക്കുതുണി ഉണ്ടായിരിക്കണമെന്നും സ്കൂളിലെ തൂപ്പുകാരൻ പോലും ഞാൻ ഉപയോഗിക്കുന്ന ചാക്കുതുണിയിൽ തൊടില്ലെന്നും എനിക്കറിയാമായിരുന്നു. ഞാൻ വൈകുന്നേരം വീട്ടിലേക്ക് ചാക്കുതുണി സ്വയം കൊണ്ടുപോയി അടുത്ത ദിവസം തിരികെ കൊണ്ടുവരേണ്ടതുണ്ടായിരുന്നു.

സ്കൂളിൽ പഠിക്കുമ്പോൾ ക്ലാസുകളിലെ തൊട്ടുകൂടായ്മ ഇല്ലാത്ത കുട്ടികൾക്ക് ദാഹം തോന്നുമ്പോൾ, പൈപ്പ് തുറന്ന്, ദാഹം ശമിപ്പിക്കാമെന്നും എനിക്ക് അറിയാമായിരുന്നു. അതിനു ടീച്ചറുടെ

അനുവാദം മാത്രം മതിയായിരുന്നു. പക്ഷേ എന്റെ സ്ഥാനം വേറിട്ടതായിരുന്നു. എനിക്ക് ടാപ്പിൽ തൊടാൻ കഴിയുമായിരുന്നില്ല; സ്പർശിക്കാവുന്ന ഒരാൾ അതു തുറന്നുതന്നാൽ അല്ലാതെ എനിക്കു ദാഹം ശമിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. അതായത്, എന്റെ കാര്യത്തിൽ ടീച്ചറുടെ അനുവാദം മാത്രം പോരാ, മറിച്ച് സ്കൂൾ ശിപായിയുടെ സാന്നിധ്യവും കൂടി ആവശ്യമായിരുന്നു! കാരണം ക്ലാസ് ടീച്ചർക്ക് അത്തരമൊരു ആവശ്യത്തിനായി ഉപയോഗിക്കാൻ കഴിയുന്ന ഒരേയൊരു വ്യക്തി അയാൾ മാത്രമായിരുന്നു. ശിപായി ഇല്ലാത്തപ്പോൾ വെള്ളമില്ലാതെ കഴിയേണ്ടി വന്നിട്ടുണ്ട്. ഈ സാഹചര്യം ഞാൻ ഇങ്ങനെ ഒരു പ്രസ്താവത്തിൽ ചുരുക്കി പറയാം - ശിപായിയില്ല, വെള്ളവുമില്ല.

വീട്ടിൽ തുണി കഴുകുന്ന ജോലി ചെയ്തുകൊണ്ടിരുന്നത് സഹോദരിമാരാണെന്ന് എനിക്കറിയാമായിരുന്നു. സത്താറയിൽ അലക്കുകാരില്ലായിരുന്നു എന്നല്ല. അലക്കുകാർക്ക് കൂലി കൊടുക്കാൻ ഞങ്ങൾക്ക് പണമില്ലാഞ്ഞിട്ടും അല്ല. ഞങ്ങൾ തൊട്ടുകൂടാത്തവരായതിനാൽ ഒരു അലക്കുകാരനും ഞങ്ങളുടെ വസ്ത്രങ്ങൾ അലക്കുമായിരുന്നില്ല. ഞങ്ങളുടെ മുടി മുറിക്കുകയോ ഞാനുൾപ്പെടെയുള്ള ആൺകുട്ടികളെ ഷേവ് ചെയ്യുകയോ ചെയ്തിരുന്നത് ഞങ്ങളുടെ മൂത്ത സഹോദരിയാണ്, അവർ ഞങ്ങളുടെ മേൽ പരീക്ഷണങ്ങൾ നടത്തി ഒടുവിൽ തികച്ചും വിദഗ്ദ്ധയായ ഒരു ക്ഷുരകനായി മാറി. സത്താറയിൽ ക്ഷുരകർ ഇല്ലെന്നല്ല, അവർക്ക് പണം നൽകാൻ ഞങ്ങൾക്ക് കഴിയില്ലെന്നുമല്ല. തൊട്ടുകൂടാത്തവരായതിനാൽ ഞങ്ങളെ ഷേവ് ചെയ്യാൻ ഒരു ക്ഷുരകനും സമ്മതിക്കുമായിരുന്നില്ല. അതുകൊണ്ടാണ് ഷേവിംഗും മുടി മുറിക്കലും എന്റെ സഹോദരി ചെയ്തുവന്നത്.

ഇതെല്ലാം എനിക്ക് മുമ്പേ തന്നെ അറിവുള്ളതായിരുന്നു. പക്ഷേ, ഈ സംഭവം എന്നിൽ മുമ്പൊരിക്കലും അനുഭവപ്പെടാത്ത ഒരു ഞെട്ടലുളവാക്കി, തൊട്ടുകൂടായ്മയെക്കുറിച്ച് ഇത് എന്നെ ചിന്തിപ്പിച്ചു - ഇതു സംഭവിക്കുന്നതിനു മുമ്പു വരെ തീർച്ചയായും, തൊട്ടുകൂടായ്മ ഉള്ളവർക്കും തൊട്ടുകൂടായ്മ ഇല്ലാത്തവർക്കും എന്നതു പോലെ എനിക്കും ഇത് തികച്ചും ഒരു സാധാരണ കാര്യം മാത്രമായിരുന്നു.

അദ്ധ്യായം രണ്ട്

പടിഞ്ഞാറു നിന്ന് മടങ്ങി - ബറോഡയിൽ താമസസൗകര്യം കണ്ടെത്താനായതുമില്ല

ഉന്നത വിദ്യാഭ്യാസത്തിനായി ബറോഡയിലെ മഹാരാജാവ് എന്നെ അമേരിക്കയിലേക്ക് അയച്ചിരുന്നു. 1913 മുതൽ 1917 വരെ ഞാൻ ന്യൂയോർക്കിലെ കൊളംബിയ യൂണിവേഴ്സിറ്റിയിൽ പഠിച്ചു. 1917 ൽ ഞാൻ ലണ്ടനിലെത്തി ലണ്ടൻ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ ബിരുദാനന്തര വിഭാഗത്തിൽ ചേർന്നു. 1918 ൽ പഠനം പൂർത്തിയാക്കാതെ ഇന്ത്യയിലേക്ക് മടങ്ങാൻ ഞാൻ നിർബന്ധിതനായി. കാരണം, എനിക്ക് ബറോഡ സംസ്ഥാനമാണ് വിദ്യാഭ്യാസം നൽകിയത് എന്നതിനാൽ, സംസ്ഥാനത്തെ സേവിക്കാൻ ഞാൻ ബാധ്യസ്ഥനായിരുന്നു.

അതനുസരിച്ച്, ഇന്ത്യയിൽ എത്തിയ ഉടനെ തന്നെ ഞാൻ ബറോഡയിലേക്ക് പോയി. പക്ഷേ എനിക്കു അവിടുത്തെ സേവനം ഉപേക്ഷിക്കേണ്ടി വന്നു. അത് ഉപേക്ഷിച്ചതിന്റെ കാരണങ്ങൾ എന്റെ ഇപ്പോഴത്തെ ഉദ്ദേശത്തിന് അപ്രസക്തമാണ്. അതുകൊണ്ട് അവയിലേക്കു കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബറോഡയിലെ എന്റെ സാമൂഹിക അനുഭവങ്ങൾ ശ്രദ്ധയിൽ പെടുത്താൻ മാത്രമാണ് ഉദ്ദേശിക്കുന്നത്, അതുകൊണ്ട് അവ വിവരിക്കുന്നതിൽ മാത്രം ഞാൻ സ്വയം പരിമിതപ്പെടുത്തുകയാണ്.

യൂറോപ്പിലും അമേരിക്കയിലുമായി എന്റെ അഞ്ചുവർഷത്തെ താമസം, ഞാൻ തൊട്ടുകൂടാത്തവനാണെന്നും ഇന്ത്യയിൽ എവിടെ പോയാലും തൊട്ടുകൂടാത്തവൻ തനിക്കും മറ്റുള്ളവർക്കും ഒരു പ്രശ്നമാണെന്നും ഉള്ള ബോധം എന്റെ മനസ്സിൽ നിന്ന് പൂർണ്ണമായും ഇല്ലാതാക്കിയിരുന്നു. പക്ഷേ, സ്റ്റേഷനിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ, 'എങ്ങോട്ട് പോകണം, ആരാണ് എന്നെ കൊണ്ടുപോകുക?' എന്ന ഒരു ചോദ്യം എന്റെ മനസ്സിനെ വല്ലാതെ അസ്വസ്ഥമാക്കി. വിഷീസ്- Vishis - എന്നു വിളിക്കുന്ന ഹിന്ദു ഹോട്ടലുകൾ ഉണ്ടെന്ന് എനിക്കറിയാമായിരുന്നു. അവർ എന്നെ സ്വീകരിക്കില്ല. ആൾമാറാട്ടം നടത്തുക എന്നതു മാത്രമായിരുന്നു അവിടെ താമസസൗകര്യം തേടാനുള്ള ഏക മാർഗ്ഗം. പക്ഷേ, ഞാൻ അതിന് തയ്യാറായില്ല, കാരണം എന്റെ സ്വത്വം കണ്ടെത്തിയാൽ തുടർന്നു സംഭവിക്കാൻ പോകുന്ന ഭയാനകമായ അനന്തരഫലങ്ങൾ എനിക്ക് നന്നായി മുൻകൂട്ടി കാണാൻ കഴിയും - ഭീതിദമായ അനന്തരഫലങ്ങൾ അത്രയ്ക്കും ഉറപ്പായിരുന്നു.

പഠനത്തിനായി അമേരിക്കയിലെത്തിയ എനിക്ക് ബറോഡയിൽ സുഹൃത്തുക്കൾ ഉണ്ടായിരുന്നു. 'ഞാൻ പോയാൽ അവർ എന്നെ സ്വാഗതം ചെയ്യുമോ?' എനിക്ക് സ്വയം ഉറപ്പിക്കാൻ കഴിഞ്ഞില്ല. തൊട്ടുകൂടാത്ത ഒരാളെ അവരുടെ വീട്ടിലേക്ക് പ്രവേശിപ്പിക്കുന്നതിൽ അവർക്ക് ലജ്ജ

തോന്നിയേക്കാം. എങ്ങോട്ട് പോകണം, എന്ത് ചെയ്യണം എന്നാലോചിച്ച് ഞാൻ കുറച്ച് നേരം സ്റ്റേഷന്റെ മേൽക്കൂരയ്ക്കു കീഴെ തന്നെ നിന്നു. ക്യാമ്പിൽ സ്ഥലം ലഭിച്ചേക്കുമോ എന്ന് അന്വേഷിക്കാമല്ലോ എന്ന് എനിക്കു ബുദ്ധി ഉദിച്ചു. അപ്പോഴേക്കും മറ്റുള്ള യാത്രക്കാരെല്ലാവരും പോയിരുന്നു; ഞാൻ മാത്രം അവശേഷിച്ചു. യാത്രക്കാരെ കയറ്റുന്നതിൽ പരാജയപ്പെട്ട ചില ഹാക്ക്നി [വണ്ടി] ഡ്രൈവർമാർ എന്നെ നോക്കി കാത്തിരിക്കുന്നുണ്ടായിരുന്നു.

ഞാൻ അവരിൽ ഒരാളെ വിളിച്ചു, ക്യാമ്പിൽ ഹോട്ടൽ ഉണ്ടോ എന്ന് അറിയാമോ എന്ന് ചോദിച്ചു. അവിടെ ഒരു പാഴ്സി സത്രമുണ്ടെന്നും അവർ ചെലവിനു പണം നൽകുന്ന അതിഥികളെ (പേയിംഗ് ഗസ്റ്റുകളെ) സ്വീകരിക്കുമെന്നും അയാൾ പറഞ്ഞു. പാഴ്സികൾ പരിപാലിക്കുന്ന സത്രമാണെന്നു കേട്ടപ്പോൾ എന്റെ ഹൃദയം സന്തോഷിച്ചു. പാഴ്സികൾ സൊരാസ്ട്രിയൻ മതത്തിന്റെ അനുയായികളാണ്. അവർ എന്നെ തൊട്ടുകൂടാത്തവനായി കണക്കാക്കുമെന്ന് ഭയമില്ല, കാരണം അവരുടെ മതം തൊട്ടുകൂടായ്മയെ അംഗീകരിക്കുന്നില്ല. പ്രതീക്ഷകളാൽ സന്തുഷ്ടമായ ഹൃദയത്തോടും നിർഭയമായ മനസ്സോടും കൂടി, ഞാൻ എന്റെ ലഗേജ് ഒരു വണ്ടിയിൽ കയറ്റി, എന്നെ ക്യാമ്പിലെ പാർസി സത്രത്തിലേക്ക് കൊണ്ടുപോകാൻ ഡ്രൈവറോട് ആവശ്യപ്പെട്ടു.

സത്രം ഒരു ഇരുനില കെട്ടിടമായിരുന്നു, അതിന്റെ താഴത്തെ നിലയിൽ ഒരു പ്രായമായ പാഴ്സി സ്വന്തം കുടുംബത്തോടൊപ്പം താമസിച്ചിരുന്നു. അയാൾ ആയിരുന്നു അതിന്റെ കാര്യസ്ഥത വഹിച്ചിരുന്നതും അവിടെ താമസിക്കാൻ വരുന്ന വിനോദസഞ്ചാരികൾക്ക് ഭക്ഷണം വിതരണം ചെയ്യുകയും ചെയ്തിരുന്നത്. വണ്ടി എത്തി, പാർസി കാര്യസ്ഥൻ എന്നെ മുകൾനിലയിലേക്കു നയിച്ചു, വണ്ടിക്കാരൻ എന്റെ ലഗേജ് കൊണ്ടുവന്നു, ഞാൻ പണം കൊടുത്തു അയാളെ വിട്ടു. താമസിക്കാൻ ഒരു സ്ഥലം കണ്ടെത്താനുള്ള എന്റെ പ്രശ്നം പരിഹരിച്ചതിൽ എനിക്ക് സന്തോഷം തോന്നി. ഒന്നു സ്വസ്ഥമായിരിക്കാമല്ലോ എന്നു കരുതി ഞാൻ വസ്ത്രം അഴിച്ചു. അതിനിടയിൽ കൈയിൽ ഒരു പുസ്തകവുമായി കാര്യസ്ഥൻ വന്നു. ഞാൻ പാതിവസ്ത്രം ധരിച്ചിരുന്ന നിലയിലായിരുന്നതിനാൽ, എനിക്ക് സദ്രയും കസ്തിയും – Sadra and Kasti -, ഒരാൾ പാഴ്സിയാണെന്ന് തെളിയിക്കുന്ന രണ്ട് കാര്യങ്ങൾ, ഇല്ലെന്ന് അയാൾക്ക് നന്നായി മനസ്സിലായി, മൂർച്ചയുള്ള സ്വരത്തിൽ ഞാൻ ആരാണെന്ന് അയാൾ എന്നോട് ചോദിച്ചു.

ഈ സത്രം പാഴ്സി സമൂഹം പാഴ്സികൾക്കായി മാത്രം പരിപാലിക്കുന്നതാണെന്ന് അറിയാതെ, ഞാൻ ഒരു ഹിന്ദുവാണെന്ന് അയാളോടു പറഞ്ഞു. അയാൾ ഞെട്ടിപ്പോയി, എനിക്ക് സത്രത്തിൽ താമസിക്കാൻ കഴിയില്ലെന്ന് എന്നോട് പറഞ്ഞു. അയാളുടെ മറുപടി കേട്ട്

ഞാൻ ആകെ ഞെട്ടി, മരവിച്ച പോലെയായി. എങ്ങോട്ട് പോകണം എന്ന ചോദ്യം ഇതാ വീണ്ടും എന്നിലേക്ക് തിരിച്ചുവന്നിരിക്കുന്നു! സ്വയം ശാന്തനാക്കിയെടുത്ത്, ഒരു ഹിന്ദുവാണെങ്കിലും, അയാൾക്ക് എതിർപ്പില്ലാത്ത പക്ഷം അവിടെ താമസിക്കുന്നതിൽ എനിക്ക് എതിർപ്പില്ല എന്ന് ഞാൻ പറഞ്ഞു. 'നിങ്ങൾക്ക് അതെങ്ങനെ കഴിയും? ഇവിടെ സത്രത്തിൽ താമസിക്കുന്ന എല്ലാവരുടെയും ഒരു രജിസ്റ്റർ ഞാൻ പരിപാലിക്കേണ്ടതുണ്ട്,' അയാൾ പ്രതിവചിച്ചു. അയാളുടെ ബുദ്ധിമുട്ട് എനിക്കു മനസ്സിലായി. രജിസ്റ്ററിൽ രേഖപ്പെടുത്താൻ ഒരു പാഴ്സി പേര് നൽകാമെന്ന് ഞാൻ അഭിപ്രായപ്പെട്ടു. 'എനിക്ക് എതിർപ്പില്ലെങ്കിൽ പിന്നെ നിങ്ങൾ എന്തിനു എതിർക്കണം? നിങ്ങൾക്ക് ഒന്നും നഷ്ടപ്പെടില്ല, മറിച്ച് ഞാൻ ഇവിടെ നിന്നാൽ നിങ്ങൾക്ക് എന്തെങ്കിലും സമ്പാദിക്കുകയും ചെയ്യാനാകും.'

അയാൾക്ക് അനുകൂലമായ ചായ്‌വ് ഉണ്ടെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. വ്യക്തമായും അയാൾക്ക് വളരെക്കാലമായി വിനോദസഞ്ചാരികൾ ഉണ്ടായിരുന്നില്ല, കുറച്ച് പണം സമ്പാദിക്കാനുള്ള അവസരം ഉപേക്ഷിക്കാൻ അയാൾ ഇഷ്ടപ്പെട്ടില്ല. താമസത്തിനും ഭക്ഷണത്തിനുമായി പ്രതിദിനം ഒന്നര രൂപ നൽകാമെന്ന വ്യവസ്ഥയിൽ അയാൾ വഴിപ്പെട്ടു. അയാളുടെ രജിസ്റ്ററിൽ ഒരു പാഴ്സിയായി ഞാൻ എന്നെത്തന്നെ രേഖപ്പെടുത്തി. അയാൾ താഴേക്ക് പോയി, ഞാൻ ആശ്വാസത്തിന്റെ നെടുവീർപ്പിട്ടു. പ്രശ്നം പരിഹരിച്ചു, എനിക്ക് വളരെ സന്തോഷം തോന്നി. പക്ഷേ കഷ്ടം! ഈ സന്തോഷത്തിന് എത്ര കുറവ് ആയുസ്സേ ഉള്ളൂ എന്ന് അപ്പോൾ എനിക്ക് അറിയില്ലായിരുന്നുവല്ലോ! എന്നാൽ ഈ സത്രത്തിലെ എന്റെ താമസത്തിന്റെ ദാരുണമായ അന്ത്യം വിവരിക്കുന്നതിന് മുമ്പ്, അവിടെ താമസിച്ച ചെറിയ കാലയളവിൽ ഞാൻ കടന്നുപോയത് എന്തിലൂടെയാണെന്നു വിവരിക്കേണ്ടിയിരിക്കുന്നു.

സത്രത്തിന്റെ രണ്ടാം നിലയിൽ ഒരു ചെറിയ കിടപ്പുമുറി ഉണ്ടായിരുന്നു, അതിനോട് ചേർന്ന് ഒരു ചെറിയ കുളിമുറിയും അതിൽ ഒരു വെള്ളം ടാപ്പും. പിന്നെയുള്ളത് ഒരു വിശാലമായ മുറി (ഹാൾ) ആയിരുന്നു. ഞാൻ താമസിക്കുന്ന സമയത്ത് വലിയ ഹാൾ എല്ലാത്തരം ചപ്പുചവറുകളും കൊണ്ട് നിറഞ്ഞിരുന്നു - പലകകൾ, ബെഞ്ചുകൾ, ഒടിഞ്ഞ കസേരകൾ മുതലായവ. ഈ ചുറ്റുപാടുകൾക്കിടയിൽ ഞാൻ ഒരു ഏകാന്തവ്യക്തിയായി താമസിച്ചു. കാര്യസ്ഥൻ രാവിലെ ഒരു ചായയുമായി വന്നു. ഏകദേശം 9:30 ന് എന്റെ പ്രാതൽ അല്ലെങ്കിൽ പ്രഭാതഭക്ഷണവുമായി അയാൾ വീണ്ടും വന്നു. രാത്രി ഏകദേശം 8:30 ന് എന്റെ അത്താഴവുമായി മൂന്നാമതും വന്നു. അത് ഒഴിവാക്കാൻ പറ്റാത്തതു കൊണ്ടു മാത്രമാണ് അയാൾ വന്നത്, ഈ അവസരങ്ങളിൽ

ഒന്നും എന്നോട് സംസാരിക്കാൻ അയാൾ കൂട്ടാക്കിയിരുന്നുമില്ല. ഞാൻ ആ ദിവസം എങ്ങനെയോ ചിലവഴിച്ചു.

ബറോഡ മഹാരാജാവ് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ ഒരു പ്രൊബേഷണറായി എന്നെ നിയമിച്ചിരുന്നു. രാവിലെ 10 മണിയോടെ ഞാൻ സത്രത്തിൽ നിന്ന് ഓഫീസിൽ പോയി രാത്രി ഏകദേശം 8 മണിയോടെ മടങ്ങും, സത്രത്തിന് പുറത്ത് സുഹൃത്തുക്കളുടെ കൂട്ടായ്മയിൽ കഴിയുന്നത്ര സമയം ചെലവഴിക്കാൻ ഞാൻ ശ്രമിച്ചു. രാത്രി ചെലവഴിക്കാൻ സത്രത്തിലേക്ക് മടങ്ങുക എന്ന ആശയം ഏറ്റവും ഭീതിദമായിരുന്നു, വിശ്രമിക്കാനായി എനിക്കു ആകാശത്തിനു കീഴെ മറ്റൊരു സ്ഥലമില്ലാത്തതു കൊണ്ടു മാത്രമായിരുന്നു ഞാൻ സത്രത്തിലേക്ക് മടങ്ങുന്നത്. സത്രത്തിന്റെ രണ്ടാം നിലയിലെ ഈ വലിയ ഹാളിൽ സംസാരിക്കാൻ ഒരു സഹജീവി പോലും ഉണ്ടായിരുന്നില്ല. ഞാൻ തീർത്തും ഏകനായിരുന്നു. ഹാൾ മുഴുവൻ പൂർണ്ണമായ ഇരുട്ടിൽ പൊതിഞ്ഞിരുന്നു. അവിടെ വൈദ്യുതി വിളക്കുകളോ എണ്ണ വിളക്കുകളോ ഉണ്ടായിരുന്നില്ല. കാര്യസ്ഥൻ ഇരുട്ടിനെ അകറ്റാനായി ഒരു ചെറിയ ഹറികേൻ വിളക്കു കൊണ്ടു വന്നിരുന്നു. എന്നാൽ അതിന്റെ പ്രകാശം ഏതാനും ഇഞ്ചുകൾക്കപ്പുറം നീളുമായിരുന്നില്ല.

ഞാൻ ഒരു ഭൂഗർഭഇരുട്ടറയിൽ അകപ്പെട്ടിരിക്കയാണ് എന്ന് എനിക്ക് തോന്നി, ഒന്നു സംസാരിക്കാൻ എന്തെങ്കിലും മനുഷ്യരുടെ കൂട്ടുകെട്ടിനായി ഞാൻ കൊതിച്ചു. പക്ഷേ ആരും ഉണ്ടായിരുന്നില്ല. മനുഷ്യരുടെ കൂട്ടായ്മയുടെ അഭാവത്തിൽ ഞാൻ പുസ്തകങ്ങളുടെ കൂട്ടുകെട്ട് തേടി, വായിച്ചു, പിന്നെയും പിന്നെയും വായിച്ചു. വായനയിൽ മുഴുകിയപ്പോൾ ഞാൻ എന്റെ ഏകാന്താവസ്ഥ മറന്നു. പക്ഷേ, ഹാളിനെ അവരുടെ വീടാക്കിയ വവ്വാലുകളുടെ ചിലക്കലുകളും പറക്കലുകളും പലപ്പോഴും എന്റെ മനസ്സിനെ വ്യതിചലിപ്പിക്കുകയും എന്നിൽ ഒരു തരം തണുത്ത വിറയലുണ്ടാക്കുകയും ചെയ്തു - പലപ്പോഴും ഞാൻ മറക്കാൻ ശ്രമിക്കുന്നത് എന്താണോ അതു തന്നെ അവിടം എന്നെ ഓർമ്മിപ്പിച്ചു, ഞാൻ വിചിത്രമായ സാഹചര്യങ്ങളിൽ വിചിത്രമായ ഒരു സ്ഥലത്താണ് എന്നത് നിരന്തരം തോന്നിപ്പിച്ചു കൊണ്ടേയിരുന്നു.

പലപ്പോഴും എനിക്ക് ദേഷ്യം വന്നിട്ടുണ്ടാകാം, പക്ഷേ, അതൊരു തടവറയാണെങ്കിൽ കൂടി അതൊരു അഭയകേന്ദ്രമാണെന്നും, അഭയം ഇല്ലാത്തതിനെക്കാൾ നല്ലത് ഏതെങ്കിലും അഭയകേന്ദ്രമാണെന്നുമുള്ള തോന്നലിലൂടെ ഞാൻ എന്റെ സങ്കടവും ദേഷ്യവും അടക്കി. എന്റെ അവസ്ഥ വളരെ ഹൃദയഭേദകമായിരുന്നു, ബോംബെയിൽ നിന്ന് എന്റെ സഹോദരിയുടെ മകൻ അവിടെ ഉണ്ടായിരുന്ന എന്റെ ശേഷിക്കുന്ന ലഗേജ് കൊണ്ടുവന്നപ്പോൾ, എന്റെ അവസ്ഥ കണ്ട്, ഉറക്കെ കരയാൻ തുടങ്ങി, അതിനാൽ അവനെ ഉടൻ തന്നെ എനിക്കു തിരിച്ചയ്ക്കേണ്ടി വന്നു. ഈ

അവസ്ഥയിൽ ഞാൻ പാർസി സത്രത്തിൽ പാഴ്സിയായി ആൾമാറാട്ടം നടത്തി ജീവിച്ചു.

ഈ ആൾമാറാട്ടം അധികനാൾ തുടരാൻ കഴിയില്ലെന്നും എന്നെങ്കിലും കണ്ടുപിടിക്കപ്പെടും എന്നും എനിക്കറിയാമായിരുന്നു. അതിനാൽ താമസിക്കാൻ ഒരു സംസ്ഥാന ബംഗ്ലാവ് ലഭിക്കാൻ ഞാൻ ശ്രമിച്ചു. എന്നാൽ പ്രധാനമന്ത്രി എന്റെ അഭ്യർത്ഥന, എനിക്കുള്ളത്ര ഗൗരവത്തോടെ, ശ്രദ്ധിച്ചില്ല. എന്റെ അപേക്ഷ ഓഫീസറിൽ നിന്ന് ഓഫീസറിലേക്ക് പോയി - എനിക്ക് അവസാന മറുപടി ലഭിക്കുന്നതിന് മുമ്പ്, എന്റെ വിധിയുടെ ദിവസം വന്നെത്തുകയും ചെയ്തു.

ഞാൻ സത്രത്തിൽ താമസിച്ചതിന്റെ പതിനൊന്നാം ദിവസമായിരുന്നു അത്. രാവിലെ ഭക്ഷണം കഴിച്ചു, വസ്ത്രം ധരിച്ച്, ഓഫീസിലേക്ക് പോകാൻ ഞാൻ എന്റെ മുറിയിൽ നിന്ന് ഇറങ്ങുകയായിരുന്നു. രാത്രിയിൽ ലൈബ്രറിയിൽ നിന്നു എടുത്തിരുന്ന ചില പുസ്തകങ്ങൾ അവിടെ തിരിച്ചേൽപ്പിക്കുന്നതിനായി എടുത്തുകൊണ്ടിരിക്കവേ, ഗോവണിപ്പടിയിലൂടെ കയറുന്ന ഏതാനും ആളുകളുടെ കാലടിശബ്ദങ്ങൾ ഞാൻ കേട്ടു. അവർ അവിടെ താമസിക്കാൻ വന്ന വിനോദസഞ്ചാരികളാണെന്ന് കരുതി, ഈ സുഹൃത്തുക്കൾ ആരാണെന്ന് ഞാൻ നോക്കി. തൽക്ഷണം, കോപാകുലരായ, ഉയരമുള്ള, കരുത്തുറ്റ ഒരു ഡസൻ പാഴ്സികൾ, അവരിൽ ഓരോരുത്തരും ഓരോ വടിയുമായി എന്റെ മുറിയിലേക്ക് വരുന്നത് ഞാൻ കണ്ടു. അവർ സഹസഞ്ചാരികളല്ലെന്ന് എനിക്ക് മനസ്സിലായി, അവർ ഉടൻ തന്നെ അതിന്റെ തെളിവ് നൽകുകയും ചെയ്തു.

അവർ എന്റെ മുറിയുടെ മുന്നിൽ വരിവരിയായി നിന്നു ചോദ്യശരങ്ങൾ ഉതിർത്തു. 'നിങ്ങൾ ആരാണ്? എന്തിനാണ് നിങ്ങൾ ഇവിടെ വന്നത്? നിങ്ങൾക്ക് എങ്ങനെ ഒരു പാഴ്സി പേര് സ്വീകരിക്കാൻ ധൈര്യം വന്നു? നീചൻ! നിങ്ങൾ ഈ പാഴ്സി സത്രം മലിനമാക്കി!' ഞാൻ ഒന്നും മിണ്ടാതെ നിന്നു. എനിക്ക് ഒരു ഉത്തരവും പറയാൻ കഴിഞ്ഞില്ല. ആൾമാറാട്ടത്തിൽ പിടിച്ചു നിൽക്കാൻ എനിക്ക് കഴിഞ്ഞതുമില്ല. യഥാർത്ഥത്തിൽ ഇതൊരു തട്ടിപ്പു തന്നെയായിരുന്നു, തട്ടിപ്പു കണ്ടുപിടിക്കപ്പെട്ടു, ഈ കളിയിൽ ഞാൻ ഉറച്ചുനിന്നിരുന്നെങ്കിൽ, കോപാകുലരും മതഭ്രാന്തന്മാരുമായ പാഴ്സികളുടെ ജനക്കൂട്ടം എന്നെ ആക്രമിക്കുകയും ഒരുപക്ഷേ മരണത്തിലേക്ക് നയിക്കുകയും ചെയ്യുമായിരുന്നുവെന്ന് എനിക്ക് ഉറപ്പുണ്ട്. എന്റെ സൗമ്യതയും എന്റെ മൗനവും ഈ നാശം ഒഴിവാക്കി. ഞാൻ എന്നാണ് ഒഴിയാൻ ഉദ്ദേശിക്കുന്നത് എന്നു അവരിൽ ഒരാൾ ചോദിച്ചു.

അക്കാലത്ത് എന്റെ അഭയസ്ഥാനത്തെ ഞാൻ എന്റെ ജീവനേക്കാൾ വിലമതിച്ചിരുന്നു. ഈ ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന ഭീഷണി

ഗുരുതരമായ ഒന്നായിരുന്നു. അതിനാൽ, ഒരു ബംഗ്ലാവ് ആവശ്യപ്പെട്ട് മന്ത്രിക്ക് നൽകിയ അപേക്ഷയിൽ അനുകൂലമായ തീരുമാനമുണ്ടാകുമെന്ന് കരുതി, ഒരാഴ്ചയെങ്കിലും എന്നെ താമസിക്കാൻ അനുവദിക്കണമെന്ന് ഞാൻ എന്റെ മൗനം വെടിഞ്ഞു. എന്നാൽ പാഴ്സികൾ അതൊന്നും ചെവിക്കൊള്ളാനുള്ള മാനസികാവസ്ഥയിൽ ആയിരുന്നില്ല. പകരം അവർ എനിക്ക് ഉഗ്രമായ അന്ത്യശാസനം നൽകി. വൈകുന്നേരം അവർ എന്നെ സത്രത്തിൽ കണ്ടുപോകരുത്! ഞാൻ ഉടനേ തന്നെ പോകാൻ തയ്യാറായേ പറ്റൂ. അവർ ഭയാനകമായ പ്രത്യാഘാതങ്ങൾ ഉയർത്തി, അവിടം വിട്ടുപോയി. ഞാൻ അന്ധാളിച്ചുപോയി. എന്റെ ഹൃദയം നിരാശാഭരിതമായി. ഞാൻ എല്ലാവരെയും ശപിച്ചു, ഹൃദയം പൊട്ടും വിധം കരഞ്ഞു. എല്ലാത്തിനുമുപരി, എനിക്ക് എന്റെ വിലയേറിയ സ്വത്ത് - അതായത് എന്റെ അഭയസ്ഥാനം - നഷ്ടപ്പെട്ടിരിക്കുന്നു. അത് ഒരു തടവുകാരന്റെ ജയിലറയേക്കാൾ ഒട്ടും മികച്ചതായിരുന്നില്ല, എങ്കിൽക്കൂടി എനിക്ക് അത് ഏറെ വിലപ്പെട്ടതായിരുന്നു.

പാഴ്സികൾ പോയതിനു ശേഷം, ഒരു പോംവഴി കണ്ടെത്താനായി ഞാൻ കുറെ നേരം ചിന്തയിൽ മുഴുകി. എനിക്ക് താമസിയാതെ ഒരു സ്റ്റേറ്റ് ബംഗ്ലാവ് ലഭിക്കുമെന്നും എന്റെ പ്രശ്നങ്ങൾ അവസാനിക്കുമെന്നും എനിക്ക് പ്രതീക്ഷയുണ്ടായിരുന്നു. അതിനാൽ എന്റെ പ്രശ്നം ഒരു താൽക്കാലിക പ്രശ്നമായിരുന്നു, സുഹൃത്തുക്കളുടെ അടുത്തേക്ക് പോകുന്നത് ഒരു നല്ല പരിഹാരമാകുമെന്ന് ഞാൻ കരുതി. ബറോഡ സ്റ്റേറ്റിലെ തൊട്ടുകൂടാത്തവർക്കിടയിൽ എനിക്ക് സുഹൃത്തുക്കളുണ്ടായിരുന്നില്ല. എന്നാൽ മറ്റു വിഭാഗങ്ങളിൽ എനിക്ക് സുഹൃത്തുക്കളുണ്ടായിരുന്നു. ഒരാൾ ഹിന്ദു, മറ്റേയാൾ ഇന്ത്യൻ ക്രിസ്ത്യൻ. ഞാൻ ആദ്യം എന്റെ ഹിന്ദു സുഹൃത്തിനെ സമീപിച്ച്, എനിക്കു വന്നു കൂടിയ ദുരവസ്ഥയെ കുറിച്ച് അയാളോട് തുറന്നു പറഞ്ഞു. അയാൾ ഒരു മാന്യനായ മനുഷ്യനും എന്റെ ഒരു നല്ല സുഹൃത്തും കൂടിയായിരുന്നു. എനിക്കു സംഭവിച്ചതിനെ കുറിച്ച് അയാൾക്ക് സങ്കടവും ദേഷ്യവും ഉണ്ടായിരുന്നു. എന്നിരുന്നാലും, അദ്ദേഹം ഒരു നിരീക്ഷണം നടത്തി. നിങ്ങൾ എന്റെ വീട്ടിൽ വന്നാൽ എന്റെ ഭൃത്യന്മാർ പോകും, എന്നു തുറന്നു പറഞ്ഞു. ഞാൻ ആ സൂചന സ്വീകരിച്ചു, എന്നെ അവിടെ കൂടെ കൂട്ടുവാൻ പിന്നെ അയാളെ നിർബന്ധിച്ചില്ല.

ഇന്ത്യൻ ക്രിസ്ത്യൻ സുഹൃത്തിന്റെ അടുത്തേക്ക് പോകാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. ഒരിക്കൽ അയാളോടൊപ്പം പോയി താമസിക്കാൻ എന്നെ ക്ഷണിച്ചിരുന്നു. പക്ഷേ അന്നു പാഴ്സി സത്രത്തിൽ താമസിക്കാനായി ഞാൻ ആ ക്ഷണം നിരാകരിച്ചിരുന്നു. അയാളുടെ ശീലങ്ങൾ എനിക്ക് യോജിച്ചതല്ല എന്നതായിരുന്നു അതിന്റെ കാരണം. ഇപ്പോൾ പോകുന്നത് ഒരു നിരാകരണത്തെ ക്ഷണിച്ചു വരുത്തുന്നതായിരിക്കും. അതിനാൽ ഞാൻ

എന്റെ ഓഫീസിലേക്ക് പോയി, പക്ഷേ ഒരു അഭയസ്ഥാനം കണ്ടെത്താനുള്ള ഈ അവസരം എനിക്ക് വിട്ടു കളയാനായില്ല. ഒരു സുഹൃത്തിനോട് കൂടിയാലോചിച്ച ശേഷം ഞാൻ അയാളുടെ അടുത്ത് പോകാനും എന്നെ ഒപ്പം താമസിപ്പിക്കാനാകുമോ എന്ന് ചോദിക്കാനും തീരുമാനിച്ചു. ഞാൻ ചോദിച്ചപ്പോൾ, ഭാര്യ അടുത്ത ദിവസം ബറോഡയിൽ വരുന്നുണ്ട്, അവളോട് ആലോചിക്കണം എന്നായിരുന്നു അയാളുടെ മറുപടി.

അത് വളരെ നയതന്ത്രപരമായ മറുപടിയായിരുന്നുവെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. അയാളും ഭാര്യയും യഥാർത്ഥത്തിൽ ജാതി പ്രകാരം ബ്രാഹ്മണ കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു, ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തപ്പോൾ ഭർത്താവ് പുരോഗമന ചിന്താഗതിക്കാരനായിത്തീർന്നെങ്കിലും, ഭാര്യ അവരുടെ സ്വന്തം വഴികളിൽ യാഥാസ്ഥിതികയായി തന്നെ തുടർന്നു വന്നു, അസ്പൃശ്യരെ സ്വന്തം വീട്ടിൽ പാർപ്പിക്കാൻ അവർ സമ്മതിക്കില്ല. പ്രതീക്ഷയുടെ അവസാന കിരണവും അങ്ങനെ മിന്നിമറഞ്ഞു. ഞാൻ എന്റെ ഇന്ത്യൻ ക്രിസ്ത്യൻ സുഹൃത്തിന്റെ വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ സമയം വൈകിട്ട് നാലായിരുന്നു. എവിടെ പോകണം എന്നതായിരുന്നു എന്റെ മുന്നിലുള്ള പരമമായ ചോദ്യം. എനിക്ക് സത്രം വിട്ടേ മതിയാകൂ, സമീപിക്കാനായി ഒരു സുഹൃത്തുപോലും ഉണ്ടായിരുന്നുമില്ല!! ബോംബെയിലേക്ക് മടങ്ങുക എന്നതുമാത്രമായിരുന്നു എന്റെ മുന്നിൽ അവശേഷിച്ച ഏക പോംവഴി.

ബോംബെയിലേക്കുള്ള ട്രെയിൻ ബറോഡയിൽ നിന്ന് രാത്രി ഒമ്പതു മണിക്ക് ആണ് പുറപ്പെടുക. അഞ്ച് മണിക്കൂർ ചെലവഴിക്കേണ്ടിയിരിക്കുന്നു. അവ എവിടെ ചെലവഴിക്കണം? ഞാൻ സത്രത്തിൽ പോകണോ? അതോ ഞാൻ എന്റെ സുഹൃത്തിന്റെ അടുത്തേക്ക് പോകണോ? സത്രത്തിലേക്ക് മടങ്ങാനുള്ള ധൈര്യം സംഭരിക്കാൻ എനിക്ക് കഴിഞ്ഞില്ല. പാഴ്സികൾ വന്ന് എന്നെ ആക്രമിച്ചേക്കാം എന്ന് ഞാൻ ഭയന്നു. എന്റെ സുഹൃത്തിന്റെ അടുത്തേക്ക് പോകാൻ ഞാന് ഇഷ്ടപ്പെട്ടില്ല. എന്റെ സ്ഥിതി ദയനീയമാണെങ്കിലും, സഹതപിക്കപ്പെടുന്ന അവസ്ഥ എനിക്ക് ഇഷ്ടമായിരുന്നില്ല. നഗരത്തിന്റേയും ക്യാമ്പിന്റേയും അതിർത്തിയിലുള്ള കാമാത്തി ബാഗ് എന്ന പൊതു ഉദ്യാനത്തിൽ അഞ്ച് മണിക്കൂർ ചെലവഴിക്കാൻ ഞാൻ തീരുമാനിച്ചു. ഭാഗികമായി ശൂന്യമായ മനസ്സോടെ ഞാൻ അവിടെ ഇരുന്നു, എനിക്ക് എന്താണ് സംഭവിച്ചതെന്നോർത്ത് ഭാഗികമായി സങ്കടത്തോടെ, എന്റെ അച്ഛനെയും അമ്മയെയും കുറിച്ച് ഞാൻ ചിന്തിച്ചു - ഒരു പരിതാപകരമായ അവസ്ഥയിൽ ആയിരിക്കുമ്പോൾ കുട്ടികൾ സാധാരണ ചെയ്യുന്നതുപോലെ തന്നെ.

എട്ടു മണിക്ക് ഞാൻ പൂന്തോട്ടത്തിൽ നിന്ന് പുറത്തിറങ്ങി, ഒരു വണ്ടിയിൽ സത്രത്തിലേക്ക് പോയി, എന്റെ ലഗേജ് എടുത്തു. കാര്യസ്ഥൻ

പുറത്തിറങ്ങി, പക്ഷേ അയാൾക്കോ എനിക്കോ പരസ്പരം ഒരക്ഷരം മിണ്ടാൻ കഴിഞ്ഞില്ല. അയാളെ കുഴപ്പത്തിലാക്കിയതിന് ഒരു തരത്തിൽ ഞാൻ ഉത്തരവാദിയാണെന്ന് അയാൾക്ക് തോന്നിയിരിക്കണം. ഞാൻ അയാളുടെ ബില്ല് കൊടുത്തു. അയാൾ അത് നിശബ്ദനായി സ്വീകരിച്ചു, ഞാൻ നിശബ്ദനായി അവിടെ നിന്ന് യാത്രയാകുകയും ചെയ്തു.

വലിയ പ്രതീക്ഷയോടെയാണ് ഞാൻ ബറോഡയിലേക്ക് പോയത്. മറ്റു പല അവസരങ്ങളും ഞാൻ ഉപേക്ഷിച്ചിരുന്നു. അത് യുദ്ധകാലമായിരുന്നു. ഇന്ത്യൻ വിദ്യാഭ്യാസ സർവീസിൽ പല ജോലി ഒഴിവുകളുണ്ടായിരുന്നു. ലണ്ടനിൽ വളരെ സ്വാധീനമുള്ള ആളുകളെ എനിക്കറിയാമായിരുന്നു. എന്നാൽ ഞാൻ അവയൊന്നും അന്വേഷിച്ചില്ല. എന്റെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകിയ ബറോഡ മഹാരാജാവിന് എന്റെ സേവനം ആദ്യം നൽകേണ്ടത് എന്റെ കടമയാണെന്ന് ഞാൻ കരുതി. പക്ഷേ ഇപ്പോൾ, ഇവിടുത്തെ പതിനൊന്ന് ദിവസത്തെ താമസത്തിന് ശേഷം, ഞാനിതാ ബറോഡ വിട്ടു ബോംബേയിലേക്കു പോകാൻ നിർബന്ധിതനായിരിക്കുന്നു.

ഒരു ഡസൻ പാഴ്സികൾ വടികളുമേന്തി, ഭീഷണിപ്പെടുത്തിക്കൊണ്ട് എന്റെ മുമ്പിൽ നിൽക്കുന്നതും ഞാൻ അവരുടെ മുന്നിൽ ഭയാക്രാന്തനായി അവരുടെ ദയയ്ക്കായി യാചിക്കുന്നതുമായ ഒരു രംഗം, ഇപ്പോൾ പതിനെട്ട് വർഷം കഴിഞ്ഞതിനു ശേഷവും എന്റെ മനസ്സിൽ നിന്നും മാഞ്ഞുപോകാൻ കഴിയാതെ അവശേഷിക്കുന്നു. എനിക്ക് ഇപ്പോൾ പോലും അത് വ്യക്തമായി ഓർക്കാൻ കഴിയും - എന്റെ കണ്ണുകളിൽ കണ്ണുനീർ പടരാതെ എനിക്ക് അത് ഒരിക്കലും ഓർമ്മിക്കാനായില്ല. ഹിന്ദുവിന് തൊട്ടുകൂടാത്തവൻ പാഴ്സിക്കും തൊട്ടുകൂടാത്തവനാണെന്ന് ഞാൻ ആദ്യമായി മനസ്സിലാക്കിയത് അന്നായിരുന്നു.

അദ്ധ്യായം മൂന്ന്.

ഗർവ്വ്, വിലക്ഷണത, ചാലിസ്ഗാവിലെ അപായകരമായ ഒരു അപകടം

വർഷം 1929 ആയിരുന്നു. ബോംബെ സർക്കാർ തൊട്ടുകൂടാത്തവരായ ആളുകളുടെ പരാതികൾ അന്വേഷിക്കാൻ ഒരു സമിതിയെ നിയോഗിച്ചിരുന്നു. അതിലെ ഒരു സമിതിയിൽ അംഗമായി എന്നയേും നിയമിച്ചിരന്നു. അനീതി, അടിച്ചമർത്തൽ, നിഷ്ഠൂരവാഴ്ച്ച തുടങ്ങിയ അവരുടെ ആരോപണങ്ങൾ അന്വേഷിക്കാൻ സമിതിക്ക് പ്രവിശ്യയിലുടനീളം പര്യടനം നടത്തേണ്ടതുണ്ടായിരുന്നു. അതിനാൽ സമിതിയെ പലതായി വിഭജിച്ചു. എന്നേയും മറ്റൊരു അംഗത്തിനേയും ഖണ്ഡേഷ് പ്രദേശത്തെ രണ്ട് ജില്ലകളിൽ അന്വേഷിക്കാൻ നിയോഗിച്ചു. എന്റെ സഹപ്രവർത്തകനും ഞാനും ഞങ്ങളുടെ ജോലി പൂർത്തിയാക്കി രണ്ടു വഴിക്ക് പിരിഞ്ഞു. അയാൾ ഏതോ ഹിന്ദു സന്യാസിയെ കാണാൻ പോയി. ഞാൻ ബോംബെയിലേക്ക് പോകാൻ ട്രെയിനിൽ പുറപ്പെട്ടു. ചാലിസ്ഗാവിൽ, ആ ഗ്രാമത്തിലെ തൊട്ടുകൂടാത്തവർക്കെതിരെ ജാതി ഹിന്ദുക്കൾ പ്രഖ്യാപിച്ച സാമൂഹിക ബഹിഷ്കരണം അന്വേഷിക്കുന്നതിനായി ഞാൻ ധൂലിയ റോഡിലുള്ള ഒരു ഗ്രാമത്തിൽ ഇറങ്ങി.

ചാലിസ്ഗാവിലെ തൊട്ടുകൂടാത്തവർ സ്റ്റേഷനിൽ വന്ന് അവരോടൊപ്പം രാത്രി തങ്ങണമെന്ന് എന്നോട് അഭ്യർത്ഥിച്ചു. സാമൂഹ്യ ബഹിഷ്കരണ കാര്യം അന്വേഷിച്ച് നേരെ ബോംബെയിലേക്ക് മടങ്ങാനായിരുന്നു എന്റെ ആദ്യ തീരുമാനം. പക്ഷേ, അവർക്ക് താൽപ്പര്യമുള്ളതിനാൽ, രാത്രി തങ്ങാമെന്നു ഞാൻ സമ്മതിച്ചു. ഞാൻ ധൂലിയ ഗ്രാമത്തിലേക്ക് പോകാനുള്ള ട്രെയിനിൽ കയറി, അവിടെ പോയി ഗ്രാമത്തിലെ സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കി, അടുത്ത ട്രെയിനിൽ ചാലിസ്ഗാവിലേക്ക് മടങ്ങുകയും ചെയ്തു.

ചാലിസ്ഗാവിലെ തൊട്ടുകൂടാത്തവർ സ്റ്റേഷനിൽ എന്നെ കാത്തു നിന്നിരുന്നു. അവർ എന്നെ ഹാരമണിയിച്ചു. തൊട്ടുകൂടാത്തവരുടെ താമസസ്ഥലം മഹർവാഡ റെയിൽവേ സ്റ്റേഷനിൽ നിന്ന് ഏകദേശം രണ്ട് മൈൽ അകലെയാണ്, അവിടെയെത്താൻ ഒരു ചെറുപാലം ഉള്ള ഒരു നദി മുറിച്ചുകടക്കേണ്ടിയിരുന്നു. സ്റ്റേഷനിൽ ധാരാളം കുതിരവണ്ടികൾ വാടകയ്ക്ക് ഓടുന്നുണ്ടായിരുന്നു. സ്റ്റേഷനിൽ നിന്ന് നടക്കാവുന്ന ദൂരത്തായിരുന്നു മഹർവാഡയും. ഉടൻ തന്നെ എന്നെ അവർ മഹർവാഡയിലേക്ക് കൊണ്ടുപോകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. പക്ഷേ ആ ദിശയിൽ ഒരു ചലനവും ഉണ്ടായില്ല, എന്തിനാണ് എന്നെ കാത്തുനിർത്തുന്നതെന്ന് എനിക്ക് മനസ്സിലായതുമില്ല.

ഏകദേശം ഒരു മണിക്കൂറിന് ശേഷം ഒരു ടോംഗ (ഒറ്റക്കുതിര വണ്ടി) പ്ലാറ്റ്ഫോമിന് അടുത്തേക്ക് കൊണ്ടുവന്നു, ഞാൻ അതിൽ കയറി. ടോംഗയിൽ ഡ്രൈവറും ഞാനും മാത്രമേയുണ്ടായിരുന്നുള്ളു. മറ്റുള്ളവർ ഒരു കുറുക്കുവഴിയിലൂടെ കാൽനടയായി പോയി. ടോംഗ ഏകദേശം 200 അടി പോയപ്പോഴേയക്കും ഒരു മോട്ടോർ കാറുമായി ഏതാണ്ടു കൂട്ടിയിടിച്ചതു പോലെയായി. ദിവസേന വാടകയ്ക്കു വണ്ടി ഓടിക്കുന്ന ഡ്രൈവർക്ക് ഇത്രയും പരിചയക്കുറവ് ഉണ്ടായത് എന്നെ അത്ഭുതപ്പെടുത്തി. പോലീസുകാരന്റെ ഉച്ചത്തിലുള്ള വിളി കേട്ട് കാർ ഡ്രൈവർ പിന്നോട്ട് എടുത്തതിനാൽ മാത്രമാണ് അപകടം ഒഴിവായത്.

ഞങ്ങൾ എങ്ങനെയോ നദിയിലെ ചെറിയ പാലത്തിൽ എത്തി. പക്ഷേ സാധാരണ പാലങ്ങളിൽ കാണാറുള്ളതു പോലെയുള്ള മതിലുകൾ അതിന് ഉണ്ടായിരുന്നില്ല. അഞ്ചോ പത്തോ അടി അകലത്തിൽ ഉറപ്പിച്ചിരിക്കുന്ന കല്ലുകളുടെ നിര മാത്രമാണുണ്ടായിരുന്നത്. അത് കല്ലുകൾ പാകിയതായിരുന്നു. നദിയിലെ പാലം ഞങ്ങൾ വരുന്ന റോഡിന്റെ വലത് കോണിലാണ്. റോഡിൽ നിന്ന് പാലത്തിലേക്ക് എത്താൻ ഒരു കൊടും വളവ് ഉണ്ട്. പാലത്തിന്റെ ആദ്യത്തെ കല്ലിന് സമീപം, കുതിര, നേരെ പോകുന്നതിനുപകരം, ഒരു തിരിവെടുത്ത് കുതിച്ചു ചാടി. ടോംഗയുടെ ചക്രം വശത്തെ കല്ലിൽ അതിശക്തമായി തട്ടി, അതിന്റെ ആഘാതം എന്റെ ദേഹം ചുഴറ്റി ഉയർത്തി പാലത്തിന്റെ കൽപ്പാതയിലേക്ക് എറിഞ്ഞു, കുതിരയും വണ്ടിയും പാലത്തിൽ നിന്ന് നദിയിലേക്ക് വീണു.

വീഴ്ച വളരെ കനപ്പെട്ടതായിരുന്നു, ഞാൻ അവിടെ ബോധരഹിതനായി കിടന്നു. നദിയുടെ മറുകരയിലാണ് മഹർവാഡ. സ്റ്റേഷനിൽ എന്നെ അഭിവാദ്യം ചെയ്യാൻ വന്നവർ എനിക്ക് മുമ്പേ അവിടെ എത്തിയിരുന്നു. പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും നിലവിളികൾക്കും വിലാപങ്ങൾക്കും ഇടയിൽ എന്നെ പൊക്കിയെടുത്ത് അവർ മഹർവാഡയിലേക്ക് കൊണ്ടുപോയി. വീഴ്ച്ചയുടെ ഫലമായി എനിക്ക് നിരവധി പരിക്കുകൾ പറ്റി. എന്റെ കാലിന് ഒടിവുണ്ടായി, കുറേ ദിവസങ്ങളോളം ഞാൻ അവശനായിരുന്നു. ഇതെല്ലാം എങ്ങനെ സംഭവിച്ചുവെന്ന് എനിക്ക് മനസ്സിലായില്ല. ടോംഗകൾ എല്ലാ ദിവസവും പാലം കടന്നുപോകുകയും വരികയും ചെയ്യുന്നു, ടോംഗയെ പാലത്തിനു മുകളിലൂടെ സുരക്ഷിതമായി കൊണ്ടുപോകുന്നതിൽ ഒരിക്കലും ഡ്രൈവർമാർ പരാജയപ്പെട്ടിട്ടുമില്ല.

അന്വേഷിച്ചപ്പോൾ എന്നോട് യഥാർത്ഥ വസ്തുതകൾ പറഞ്ഞു. തൊട്ടുകൂടാത്തവനായ യാത്രക്കാരനെ ഇരുത്തിക്കൊണ്ട് ടോംഗ ഓടിക്കാൻ ടോംഗാവാലകൾ തയാറാകാത്തതാണ് റെയിൽവേ സ്റ്റേഷനിൽ വച്ച് വൈകാൻ കാരണം. അത് അവരുടെ അന്തസ്സിനു നിരക്കാത്തതായിരുന്നു. മഹർമാർക്കാകട്ടെ ഞാൻ അവരുടെ ഇടം വരെ നടന്നുപോകുന്നത്

സഹിക്കാൻ ആകുമായിരുന്നില്ല. എന്റെ അന്തസ്സിനെ കുറിച്ചുള്ള അവരുടെ ബോധത്തിന് യോജിച്ചതായിരുന്നില്ല അത്. അതിനാൽ അവർ ഒരു ഒത്തുതീർപ്പിലെത്തി. ആ വിട്ടുവീഴ്ചയാണ് ഈ ഫലം നൽകിയത്. ടോംഗയുടെ ഉടമ ടോംഗ വാടകയ്ക്ക് നൽകും, പക്ഷേ ഓടിക്കില്ല. മഹർമാർക്ക് ടോംഗ എടുക്കാം, പക്ഷേ അത് ഓടിക്കാൻ ആരെയെങ്കിലും കണ്ടെത്തണം.

മഹർമാർ ഇതൊരു സന്തോഷകരമായ പരിഹാരമായി കരുതി. പക്ഷേ, യാത്രക്കാരന്റെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതിനേക്കാൾ പ്രധാനം അയാളുടെ സുരക്ഷയാണെന്നുള്ള കാര്യം അവർ വ്യക്തമായും മറന്നു. അവർ വേണ്ടവിധം ചിന്തിച്ചിരുന്നെങ്കിൽ, എന്നെ സുരക്ഷിതമായി ലക്ഷ്യസ്ഥാനത്ത് എത്തിക്കാൻ കഴിയുന്ന ഒരു ഡ്രൈവറെ ലഭിക്കുന്നതിനെ പറ്റി അവർ പരിഗണിക്കുമായിരുന്നു. വാസ്തവത്തിൽ, അവർക്ക് വാഹനമോടിക്കാൻ കഴിയില്ല, കാരണം അത് അവരുടെ തൊഴിലല്ല. അതിനാൽ തങ്ങളുടെ കൂട്ടത്തിൽ നിന്നുള്ള ഒരാളോട് വാഹനമോടിക്കാൻ അവർ ആവശ്യപ്പെട്ടു. ആ മനുഷ്യൻ കടിഞ്ഞാൺ കൈയ്യിലെടുത്തു, ഇതിലൊന്നും കാര്യമില്ല, വളരെ എളുപ്പമാണ് എന്നു കരുതിയാണ് അയാൾ അതിനു തുനിഞ്ഞത്. എന്നാൽ കയറി കഴിഞ്ഞപ്പോൾ, അയാൾക്ക് തന്റെ ഭാരിച്ച ഉത്തരവാദിത്തം പിടികിട്ടി, പരിഭ്രമം വല്ലാതെ കൂടി, അതോടെ ടോംഗ നിയന്ത്രിക്കാനുള്ള അയാളുടെ എല്ലാ ശ്രമങ്ങളും പാളിപ്പോയി.

എന്റെ മാനം രക്ഷിക്കാനായി ചാലിസ്ഗാവിലെ മഹർമാർ എന്റെ ജീവിതം തന്നെ അപകടത്തിലാക്കി കളഞ്ഞു. അപ്പോഴാണ് ഞാൻ ഒരു കാര്യം മനസ്സിലാക്കിയത്, ഒരു ഹിന്ദു ടോങ്കാവാലയുടെ ജോലി, അത് എത്ര തന്നെ നിസ്സാരമായത് ആകട്ടെ, അയാൾക്ക് ഏതൊരു തൊട്ടുകൂടാത്ത ആളിനെക്കാളും, ആ ആൾ ഒരു നിയമബിരുദധാരിയാണെങ്കിൽ കൂടി, ശ്രേഷ്ഠനായ ഒരു വ്യക്തിയായി സ്വയം കാണാൻ കഴിയുന്ന ഒരു അന്തസ്സുണ്ട്. അതായത് ഹിന്ദുവായ ടോംഗാവാല, അസ്പൃശ്യനായ നിയമബിരുദധാരിയേക്കാൾ ശ്രേഷ്ഠനത്രേ!

അദ്ധ്യായം നാല്

ദൗലത്താബാദ് കോട്ടയിലെ ജലം മലിനമാക്കുന്നു

1934-ൽ, അധഃസ്ഥിത വിഭാഗങ്ങളുടെ പ്രസ്ഥാനത്തിലെ എന്റെ സഹപ്രവർത്തകരിൽ ചിലർ അവരോടൊപ്പം ഞാനും കൂടി ചേരാൻ സമ്മതിച്ചാൽ ഒരു വിനോദസഞ്ചാരം നടത്തണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഞാൻ സമ്മതിച്ചു. എങ്ങനെയായാലും വെറുളിലെ ബുദ്ധ ഗുഹകൾ സന്ദർശിക്കും വിധമായിരിക്കണം ഞങ്ങളുടെ യാത്രാപദ്ധതി എന്നു തീരുമാനവുമെടുത്തു. ഞാൻ നാസിക്കിലേക്ക് പോകണമെന്നും അവിടെ വച്ചു സംഘത്തിലെ മറ്റുള്ളവർ എന്നോടൊപ്പം ചേരണമെന്നും നിശ്ചയിച്ചു. വെറുളിലേക്ക് പോകാൻ ഞങ്ങൾക്ക് ആദ്യം ഔറംഗബാദിലേക്ക് പോകണം. ഔറംഗബാദ്, ഹൈദരാബാദിലെ മുഹമ്മദൻ സംസ്ഥാനത്തിലെ ഒരു പട്ടണമാണ്, അത് ബഹുമാന്യനായ നൈസാമിന്റെ ആധിപത്യത്തിൽ ഉൾപ്പെടുന്ന സ്ഥലമായിരുന്നു.

ഔറംഗബാദിലേക്കുള്ള യാത്രയിൽ ഞങ്ങൾ ആദ്യം കടന്നുപോകേണ്ടത് ഹൈദരാബാദ് സംസ്ഥാനത്തിലെ തന്നെ ദൗലത്താബാദ് എന്ന മറ്റൊരു പട്ടണത്തിലൂടെയാണ്. ദൗലത്താബാദ് ഒരു ചരിത്രപ്രധാനമായ സ്ഥലമാണ്, ഒരു കാലത്ത് രാംദേവ് റായ് - Ramdeo Rai - എന്നു പേരുള്ള ഒരു പ്രശസ്തനായ ഹിന്ദു രാജാവിന്റെ തലസ്ഥാനമായിരുന്നു അത്. ദൗലത്താബാദ് കോട്ട ഒരു പുരാതന ചരിത്രസ്മാരകമാണ്, സമീപപ്രദേശത്തു എത്തുന്ന ഏതൊരു വിനോദസഞ്ചാരിയും അതിലേക്കുള്ള സന്ദർശനം നിശ്ചയമായും ഒഴിവാക്കരുത്. അതനുസരിച്ച് ഞങ്ങളുടെ സംഘം ദൗലത്താബാദ് കോട്ട സന്ദർശിക്കുന്നതും പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു.

ഞങ്ങൾ കുറച്ച് ബസ്സുകളും വിനോദസഞ്ചാരികളെ കൊണ്ടുപോകുന്ന കാറുകളും വാടകയ്ക്കെടുത്തു. സംഘത്തിൽ ഏകദേശം മുപ്പതോളം പേരുണ്ടായിരുന്നു. ഔറംഗബാദിലേക്കുള്ള വഴിയിൽ യോല - Yeola - ഉള്ളതിനാൽ ഞങ്ങൾ നാസിക്കിൽ നിന്ന് യോലയിലേക്ക് യാത്ര ആരംഭിച്ചു. ഞങ്ങളുടെ വിനോദസഞ്ചാര പദ്ധതിയെ കുറിച്ച് മുൻകൂറായി പ്രഖ്യാപിച്ചിരുന്നില്ല - തികച്ചും ബോധപൂർവ്വം. അസ്പൃശ്യനായ ഒരു വിനോദസഞ്ചാരി രാജ്യത്തിന്റെ പുറംഭാഗങ്ങളിൽ അഭിമുഖീകരിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഞങ്ങൾ ആൾമാറാട്ടം നടത്താൻ ആഗ്രഹിച്ചു. ഞങ്ങൾ നിർത്താൻ ഉദ്ദേശിച്ചിരുന്ന കേന്ദ്രങ്ങളിലെ ഞങ്ങളുടെ ആളുകളെ മാത്രമേ ഞങ്ങൾ അറിയിച്ചിരുന്നുള്ളൂ. അതനുസരിച്ച്, ഞങ്ങൾ വഴിയിൽ നൈസാമിന്റെ സംസ്ഥാനത്തിലെ പല ഗ്രാമങ്ങളും കടന്നുപോയെങ്കിലും ഞങ്ങളുടെ ആളുകളാരും അവിടെ ഞങ്ങളെ കാണാൻ വന്നില്ല.

ദൗലത്താബാദിൽ അത് സ്വാഭാവികമായും വ്യത്യസ്തമായിരുന്നു. ഞങ്ങൾ വരുന്നുണ്ടെന്ന് അവിടെയുള്ള ഞങ്ങളുടെ കൂട്ടരെ അറിയിച്ചിരുന്നു. അവർ ഞങ്ങളെ കാത്ത് നഗരത്തിന്റെ പ്രവേശന കവാടത്തിൽ ഒത്തുകൂടി. അവിടെ വച്ച് ആദ്യം ചായയും ലഘുഭക്ഷണവും കഴിക്കാൻ അവർ ആവശ്യപ്പെട്ടു, അതിനു ശേഷം കോട്ട കാണാൻ പോകാം എന്നു പറഞ്ഞു. ഞങ്ങൾക്ക് ചായ അപ്പോൾ വളരെ അത്യാവശ്യമായിരുന്നിട്ടു കൂടി, സന്ധ്യയാകുന്നതിന് മുമ്പ് കോട്ട കാണാൻ ഞങ്ങൾക്ക് മതിയായ സമയം വേണം എന്നുള്ളതിനാൽ അവരുടെ നിർദ്ദേശം ഞങ്ങൾ അംഗീകരിച്ചില്ല. പകരം നേരേ കോട്ടയിലേക്ക് പുറപ്പെട്ടു, മടങ്ങിവരുമ്പോൾ ചായയും ലഘുഭക്ഷണവും കഴിക്കാമെന്ന് അവരോട് പറഞ്ഞു. ഏതാനും മിനിറ്റുകൾക്കുള്ളിൽ ഞങ്ങൾ കോട്ടയുടെ കവാടത്തിലെത്തി.

മുഹമ്മദീയരുടെ വ്രതാനുഷ്ഠാനത്തിന്റെ മാസമായിരുന്ന റംസാൻ ആയിരുന്നു അത്. കോട്ടയുടെ ഗേറ്റിന് പുറത്ത് ഒരു ചെറിയ ടാങ്ക് നിറയെ വെള്ളമുണ്ട്. ചുറ്റും വിശാലമായ ഒരു കല്ല് നടപ്പാതയുണ്ട്. യാത്രയ്ക്കിടെ ഞങ്ങളുടെ മുഖത്തും ശരീരത്തിലും വസ്ത്രങ്ങളിലും പൊടി നിറഞ്ഞിരുന്നു, ഞങ്ങൾ എല്ലാവരും കഴുകാൻ ആഗ്രഹിച്ചു. അധികം ആലോചിക്കാതെ, ടാങ്കിലെ വെള്ളം കൊണ്ട് ചില സംഘാംഗങ്ങൾ നടപ്പാതയിൽ മുഖവും കാലും കഴുകി. ഈ ശുദ്ധീകരണത്തിനുശേഷം ഞങ്ങൾ കോട്ടയുടെ ഗേറ്റിലേക്ക് പോയി. അകത്ത് ആയുധധാരികളായ പട്ടാളക്കാർ ഉണ്ടായിരുന്നു. അവർ വലിയ ഗേറ്റുകൾ തുറന്ന് ഞങ്ങളെ കമാനപാതയിലേക്ക് കയറ്റി.

ഞങ്ങൾ ഗാർഡിനോട് കോട്ടയിലേക്ക് പോകാനുള്ള അനുവാദം നേടുന്നതിനുള്ള നടപടിക്രമങ്ങൾ ചോദിച്ചു തുടങ്ങിയിരുന്നു. അതിനിടയിൽ, വെളുത്തു നീണ്ട താടിയുള്ള ഒരു വൃദ്ധനായ മുഹമ്മദൻ പിന്നിൽ നിന്ന് തൊട്ടുകൂടാത്തവർ എന്ന് അർത്ഥം വരുന്ന 'ധേഡുകൾ' (The Dheds) വെള്ളം സംഭരണിയെ മലിനമാക്കി!' എന്നു വിളിച്ചുകൂവി. താമസിയാതെ സമീപത്തുണ്ടായിരുന്ന ചെറുപ്പക്കാരും പ്രായമായവരുമായ എല്ലാ മുഹമ്മദീയന്മാരും അയാളോടൊപ്പം ചേരുകയും ഞങ്ങളെ അധിക്ഷേപിക്കുകയും ചെയ്തു. 'ധേഡുകൾ അഹങ്കാരികളായിത്തീർന്നിരിക്കുന്നു, അവർ അവരുടെ മതം - അതായത് താഴ്ന്നവരും അധഃപതിച്ചവരും ആയിരിക്കണം എന്നുള്ളത് - മറന്നിരിക്കുന്നു, ധേഡുമാരെ ഒരു പാഠം പഠിപ്പിക്കണം.' ഏറ്റവും ഭയാനകമായ ഒരു മാനസികാവസ്ഥയാണ് അവർ കൈക്കൊണ്ടത്.

ഞങ്ങൾ പുറത്തുള്ളവരാണെന്നും ആ നാട്ടിലെ ആചാരങ്ങൾ അറിയില്ലെന്നും ഞങ്ങൾ അവരോട് പറഞ്ഞു. അപ്പോഴേക്കും ഗേറ്റിനരികിൽ എത്തിയ പ്രാദേശിക തൊട്ടുകൂടാത്തവർക്കെതിരെ അവർ തങ്ങളുടെ ക്രോധത്തിന്റെ തീ ആളിക്കത്തിച്ചു. 'അയിത്തജാതിക്കാർക്ക് ഈ

ജലസംഭരണി ഉപയോഗിക്കാൻ കഴിയില്ലെന്ന് എന്തുകൊണ്ടാണ് നിങ്ങൾ ഈ പുറത്തുനിന്നുള്ളവരോട് പറയാത്തത്?' എന്ന ചോദ്യം അവർ അവരോട് നിരന്തരം ചോദിച്ചുകൊണ്ടിരുന്നു. പാവപ്പെട്ട ജനം! ഞങ്ങൾ ടാങ്കു നിന്നിരുന്ന പ്രദേശത്ത് എത്തിയപ്പോൾ അവർ അവിടെ ഉണ്ടായിരുന്നില്ല. അത് ശരിക്കും ഞങ്ങളുടെ തെറ്റായിരുന്നു, കാരണം ഞങ്ങൾ അന്വേഷണമില്ലാതെ പ്രവർത്തിച്ചു. ഇത് തങ്ങളുടെ കുറ്റമല്ലെന്ന് പറഞ്ഞ് അവിടത്തെ അയിത്തജാതിക്കാർ പ്രതിഷേധിച്ചു.

എന്നാൽ എന്റെ വിശദീകരണം കേൾക്കാൻ മുഹമ്മദീയർ തയ്യാറായില്ല. അവർ അവരെയും ഞങ്ങളെയും അധിക്ഷേപിക്കുന്നത് തുടർന്നുകൊണ്ടിരുന്നു. അധിക്ഷേപം വളരെ അശ്ലീലഭാഷയിലായിരുന്നു, അത് ഞങ്ങളെ വല്ലാതെ പ്രകോപിപ്പിച്ചു. ഒരു ലഹളയും ഒരുപക്ഷേ കൊലപാതകങ്ങളും എളുപ്പത്തിൽ ഉണ്ടാകാമായിരുന്നു. എന്നിരുന്നാലും, ഞങ്ങൾക്ക് സ്വയം നിയന്ത്രിക്കേണ്ടതുണ്ടായിരുന്നു, കാരണം ഞങ്ങളുടെ പര്യടനം പെട്ടെന്ന് അവസാനിപ്പിക്കുന്ന തരത്തിൽ ഒരു ക്രിമിനൽ കേസിൽ ചെന്നു പെടാൻ ഞങ്ങളാരും ആഗ്രഹിച്ചില്ല.

ആൾക്കൂട്ടത്തിലെ ഒരു മുസ്ലീം ചെറുപ്പക്കാരൻ പറഞ്ഞുകൊണ്ടിരുന്നു, എല്ലാവരും അവരവരുടെ മതം അനുസരിക്കണം, അതായത് തൊട്ടുകൂടാത്തവർ പൊതു സംഭരണിയിൽ നിന്ന് വെള്ളം എടുക്കരുത്. ഞാൻ വളരെ അക്ഷമനായി, അൽപ്പം ദേഷ്യത്തോടെ അയാളോട് ചോദിച്ചു, 'അതാണോ നിങ്ങളുടെ മതം പഠിപ്പിക്കുന്നത്? തൊട്ടുകൂടാത്തവൻ മുഹമ്മദനായാൽ ഈ ടാങ്കിൽ നിന്ന് വെള്ളം എടുക്കുന്നത് നിങ്ങൾ തടയുമോ?' ഈ നേർക്കു നേരേയുള്ള ചോദ്യങ്ങൾ മുഹമ്മദീയരെ സ്വാധീനിച്ചതായി തോന്നി. അവർ മറുപടി ഒന്നും പറയാതെ മിണ്ടാതെ നിന്നു.

കാവൽക്കാരന്റെ നേരെ തിരിഞ്ഞ് ഞാൻ വീണ്ടും ദേഷ്യത്തിന്റെ സ്വരത്തിൽ പറഞ്ഞു, 'ഞങ്ങൾക്ക് കോട്ടയിൽ കയറാനാകുമോ അതോ ഇല്ലയോ? വ്യക്തമായി പറയൂ; ഞങ്ങൾക്ക് അതിനു കഴിയില്ലെങ്കിൽ, പിന്നെ ഇവിടെ ഇങ്ങനെ തുടരാൻ താൽപ്പര്യമില്ല.' കാവൽക്കാരൻ എന്റെ പേര് ചോദിച്ചു. ഞാനത് ഒരു കടലാസിൽ എഴുതി. അയാൾ അത് ഉള്ളിൽ ഇരിക്കുന്ന സൂപ്രണ്ടിന്റെ അടുത്തേക്ക് കൊണ്ടുപോയി, പുറത്തു വന്നു. കോട്ടയ്ക്കുള്ളിൽ കയറാം എന്ന് പറഞ്ഞെങ്കിലും കോട്ടയിലെവിടെയും ഞങ്ങൾക്കു വെള്ളം തൊടാൻ പറ്റില്ല എന്നു കൂടി പറഞ്ഞു; ഞങ്ങൾ കൽപ്പന ലംഘിക്കുന്നില്ല എന്ന് ഉറപ്പിക്കാൻ ഒരു സായുധനായ സൈനികനെ കൂടി ഞങ്ങൾക്കൊപ്പം വിട്ടു.

ഒരു ഹിന്ദുവിന് തൊട്ടുകൂടാത്തവനായ വ്യക്തി ഒരു പാഴ്സിക്കും തൊട്ടുകൂടാത്തവനാണെന്ന് കാണിക്കാൻ മുമ്പ് ഞാൻ ഒരു ഉദാഹരണം

നൽകിയിരുന്നു. ഒരു ഹിന്ദുവിന് തൊട്ടുകൂടാത്തവൻ മുഹമ്മദീയനും തൊട്ടുകൂടാത്തവനാണെന്ന് ഈ അനുഭവവും വ്യക്തമാക്കുന്നു.

അദ്ധ്യായം 5

ശരിയായ പരിചരണം നൽകാൻ ഡോക്ടർ വിസമ്മതിച്ചു, ഒരു യുവതി മരിച്ചു

അടുത്ത സംഭവവും ഇതേ പോലെ പോലെ വെളിച്ചം വീശുന്നതാണ്. കത്തിയവാറിലെ ഒരു ഗ്രാമത്തിലെ തൊട്ടുകൂടാത്ത വിഭാഗത്തിൽ പെട്ട ഒരു സ്കൂൾ അദ്ധ്യാപകന്റെ കാര്യമാണിത്, 1929 ഡിസംബർ 12-ലെ ലക്കത്തിൽ ശ്രീ. ഗാന്ധി പ്രസിദ്ധീകരിച്ച യംഗ് ഇന്ത്യ എന്ന ജേണലിൽ വന്ന ഇനിപ്പറയുന്ന കത്തിൽ ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് എഴുതിയ ആളിന്റെ ബുദ്ധിമുട്ടുകൾ പ്രകടിപ്പിക്കുന്നുണ്ട്. അപ്പോൾ പ്രസവിച്ച തന്റെ ഭാര്യയെ പരിചരിക്കാൻ ഒരു ഹിന്ദു ഡോക്ടറെ പ്രേരിപ്പിച്ചതും ഭാര്യയും കുഞ്ഞും വൈദ്യസഹായം ലഭിക്കാതെ എങ്ങനെ മരിക്കാനിടയായെന്നും കത്തിൽ പറയുന്നു:

'ഈ മാസം 5 ന് എനിക്ക് ഒരു കുട്ടി ജനിച്ചു. 7 ന്, അവൾ രോഗബാധിതയായി, വയറിളക്കം മൂലം കഷ്ടപ്പെട്ടു. അവളുടെ ചൈതന്യം കുറയുന്നതായി തോന്നി, നെഞ്ച് വീക്കം സംഭവിക്കുകയും ചെയ്തു. അവൾക്കു ശ്വാസം കഴിക്കാൻ ഏറെ ബുദ്ധിമുട്ടായി, വാരിയെല്ലിൽ കഠിനമായ വേദനയും ഉണ്ടായി. ഞാൻ ഒരു ഡോക്ടറെ വിളിക്കാൻ പോയി - പക്ഷേ അയാൾ ഒരു ഹരിജന്റെ വീട്ടിൽ പോകില്ലെന്നും കുട്ടിയെ പരിശോധിക്കാൻ തയ്യാറല്ലെന്നും വ്യക്തമാക്കി. തുടർന്ന് ഞാൻ നാഗർസേത്തിന്റെ - Nagarseth - അടുത്തേക്കും അവിടുന്ന് ഗരാസിയ ദർബാറിലേക്കും- Grasia Darbar - പോയി, സഹായിക്കണമെന്ന് അവരോട് അഭ്യർത്ഥിച്ചു. ഞാൻ രണ്ടു രൂപ ഫീസ് കൊടുക്കും എന്നതിന് നാഗർസേത്ത് എനിക്കു വേണ്ടി ജാമ്യം നിന്നു. അതു കൊടുത്തപ്പോൾ ഡോക്ടർ വന്നു, പക്ഷേ ഹരിജൻ കോളനിക്ക് പുറത്ത് മാത്രമേ അവരെ പരിശോധിക്കൂ എന്ന വ്യവസ്ഥ ഉണ്ടായിരുന്നു. പുതുതായി ജനിച്ച കുട്ടിയുമൊത്ത് ഞാൻ ഭാര്യയെ കോളനിക്കു പുറത്തേക്ക് കൊണ്ടുപോയി, ഡോക്ടർ തന്റെ തെർമോമീറ്റർ ഒരു മുസ്ലീമിന് കൊടുത്തു, അയാൾ അത് എനിക്ക് തന്നു, ഞാൻ അത് എന്റെ ഭാര്യക്ക് കൊടുത്തു, എന്നിട്ട് അത് പ്രയോഗിച്ചതിന് ശേഷം അതേ പ്രക്രിയയിലൂടെ അത് തിരികെ നൽകയും ചെയ്തു. അപ്പോൾ വൈകുന്നേരം ഏതാണ്ട് എട്ട് മണിയായിരുന്നു. വൈദ്യൻ വിളക്കിന്റെ വെളിച്ചത്തിൽ തെർമോമീറ്ററിൽ നോക്കി, രോഗി ന്യുമോണിയ ബാധിതയാണ് എന്നു പറഞ്ഞു. പിന്നെ ഡോക്ടർ പോയി, മരുന്ന് കൊടുത്തയച്ചു. ഞാൻ ബസാറിൽ നിന്ന് കുറച്ച് ചണവിത്ത് കൊണ്ടുവന്ന് രോഗിക്ക് കൊടുത്തു. രണ്ടു രൂപ ഫീസ് കൊടുത്തെങ്കിലും പിന്നീട് കാണാൻ ഡോക്ടർ വിസമ്മതിച്ചു. രോഗം അപകടകരമാണ്, ദൈവം മാത്രമേ നമ്മെ സഹായിക്കൂ.

എന്റെ ജീവിതത്തിന്റെ വിളക്ക് അണഞ്ഞു. ഇന്ന് ഉച്ചയ്ക്ക് രണ്ട് മണിയോടെ അവൾ മരിച്ചു.'

തൊട്ടുകൂടാത്ത സ്കൂൾ അധ്യാപകന്റെ പേര് നൽകിയിട്ടില്ല. അതിനാൽ ഡോക്ടറുടെ പേരും പറഞ്ഞിട്ടില്ല. പ്രതികാരത്തെ ഭയക്കുന്ന അസ്പൃശ്യനായ അധ്യാപകന്റെ അഭ്യർത്ഥന പ്രകാരമായിരുന്നു ഇത്. വസ്തുതകൾ സത്യസന്ധമാണ്, നിസ്തർക്കവും.

വിശദീകരണമൊന്നും ആവശ്യമില്ല. വിദ്യാസമ്പന്നനായിരുന്നിട്ടും തെർമോമീറ്റർ പ്രയോഗിച്ച് അവശനിലയിലായ ഒരു സ്ത്രീയെ ചികിത്സിക്കാൻ ഡോക്ടർ വിസമ്മതിച്ചു. ചികിത്സിക്കാൻ വിസമ്മതിച്ചതിനെ തുടർന്ന് യുവതി മരിച്ചു. തന്റെ തൊഴിലുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം മാറ്റിവയ്ക്കുന്നതിൽ ഡോക്ടർക്ക് മനസ്സാക്ഷിക്കുത്ത് ഏതുമുണ്ടായില്ല. തൊട്ടുകൂടാത്ത ഒരാളെ സ്പർശിക്കുന്നതിലും നല്ലത് മനുഷ്യത്വരഹിതനാകുന്നതാണ് എന്നതാണ് ഹിന്ദുവിന്റെ പക്ഷം.

അദ്ധ്യായം 6

ഒരു യുവഗുമസ്തൻ തന്റെ ജോലി ഉപേക്ഷിക്കുന്നതുവരെ അയാളെ അപമാനിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു

ഇതിനേക്കാളേറെ വെളിവാക്കുന്ന മറ്റൊരു സംഭവം കൂടിയുണ്ട്. 1938 മാർച്ച് 6-ന് ബോംബെയിലെ ദാദറിലെ കാസർവാടിയിൽ (വൂളൻ മിൽസിന് പിന്നിൽ) ശ്രീ. ഇന്ദുലാൽ യാദ്നിക്കിന്റെ അധ്യക്ഷതയിൽ ഭാംഗികളുടെ - Bhangis - ഒരു യോഗം നടന്നു. ഈ യോഗത്തിൽ, ഒരു ഭാംഗി ബാലൻ തന്റെ അനുഭവം ഇനിപ്പറയുന്ന രീതിയിൽ വിവരിച്ചു:

'ഞാൻ 1933-ൽ വെർണാക്കുലർ ഫൈനൽ പരീക്ഷ പാസായി. നാലാം ക്ലാസ്സ് വരെ ഇംഗ്ലീഷ് പഠിച്ചിട്ടുണ്ട്. ബോംബെ മുനിസിപ്പാലിറ്റിയിലെ സ്കൂൾ സമിതിയിൽ അധ്യാപകനായി ജോലിക്ക് അപേക്ഷിച്ചു, പക്ഷേ ഒഴിവില്ലാത്തതിനാൽ ഞാൻ പരാജയപ്പെട്ടു. പിന്നീട് അഹമ്മദാബാദിലെ പിന്നോക്ക വിഭാഗ ഓഫീസർ, തലത്തി (Talati, ഗ്രാമ പടാരി - Patwari, ഗ്രാമത്തിലെ പകർപ്പെഴുത്തുകാരൻ) ജോലിക്ക്, ഞാൻ അപേക്ഷിച്ചു, വിജയിക്കുകയും ചെയ്തു. 1936 ഫെബ്രുവരി 19-ന് ഖേദ ജില്ലയിലെ ബൊർസാദ് താലൂക്കിലെ മംലാത്ദാറിന്റെ ഓഫീസിൽ എന്നെ തലത്തിയായി നിയമിച്ചു.

എന്റെ കുടുംബം ഗുജറാത്തിൽ നിന്നാണ് വന്നതെങ്കിലും ഞാൻ മുമ്പ് ഗുജറാത്തിൽ പോയിട്ടില്ല. അവിടെ പോകാനുള്ള ആദ്യ അവസരമായിരുന്നു ഇത്. അതുപോലെ സർക്കാർ ഓഫീസുകളിൽ അയിത്തം -തൊട്ടുകൂടായ്മ - പാലിക്കുമെന്ന് എനിക്കറിയില്ലായിരുന്നു. എന്റെ അപേക്ഷയിൽ ഞാൻ ഒരു ഹരിജനാണെന്ന വസ്തുത പരാമർശിച്ചിരിക്കുന്നതിനാൽ ഓഫീസിലെ എന്റെ സഹപ്രവർത്തകർ ഞാൻ ആരാണെന്ന് മുൻകൂട്ടി അറിയുമെന്ന് ഞാൻ പ്രതീക്ഷിച്ചു. അങ്ങനെയിരിക്കെ, തലത്തിയുടെ ചുമതല ഏറ്റെടുക്കാൻ ഞാൻ സ്വയം അവതരിപ്പിച്ചപ്പോൾ മംലത്ദാർ ഓഫീസിലെ ഗുമസ്തന്റെ മനോഭാവം കണ്ട് ഞാൻ അത്ഭുതപ്പെട്ടു.

ആ കാർക്കുൻ നിന്ദയോടെ ചോദിച്ചു, 'നീ ആരാണ്?' 'സർ, ഞാനൊരു ഹരിജനാണ് ' എന്ന് ഞാൻ മറുപടി പറഞ്ഞു. അയാൾ പറഞ്ഞു, 'നീ പോയി ദൂരെ നിൽക്ക്. നിനക്ക് എങ്ങനെ ധൈര്യം വന്നു എന്റെ അടുത്ത് നിൽക്കാൻ! നീ ഇപ്പോൾ ഓഫീസിലായിപ്പോയി, പുറത്ത് ആയിരുന്നുവെങ്കിൽ ഞാൻ നിനക്ക് ആറ് ചവിട്ടു തരുമായിരുന്നു. ഇവിടെ

സേവനത്തിന് വരാൻ എന്തൊരു ചങ്കൂറ്റം!' അതിനുശേഷം, എന്റെ സർട്ടിഫിക്കറ്റും തലത്തിയായിട്ടുള്ള നിയമന ഉത്തരവും നിലത്ത് വച്ചു നൽകാൻ അദ്ദേഹം എന്നോട് ആവശ്യപ്പെട്ടു. നിലത്തു നിന്ന് അയാൾ അവ എടുത്തു. ഞാൻ ബോർസാദിലെ മംമ്ലദാറിന്റെ ഓഫീസിൽ ജോലി ചെയ്തിരുന്ന കാലത്ത് കുടിക്കാൻ വെള്ളം കിട്ടുന്ന കാര്യത്തിൽ എനിക്ക് വലിയ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. ഓഫീസിന്റെ വരാന്തയിൽ കുടിവെള്ളം അടങ്ങിയ ക്യാനുകൾ സൂക്ഷിച്ചിരുന്നു. ഈ വാട്ടർ ക്യാനുകളുടെ ചുമതലയുള്ള ഒരു വാട്ടർമാൻ ഉണ്ടായിരുന്നു. ഓഫീസിലെ ക്ലാർക്കുമാർക്ക് ആവശ്യമുള്ളപ്പോഴെല്ലാം വെള്ളം ഒഴിക്കുക എന്നതായിരുന്നു അയാളുടെ ചുമതല. വാട്ടർമാന്റെ അഭാവത്തിൽ അവർക്ക് തന്നെ ക്യാനുകളിൽ നിന്ന് വെള്ളമെടുത്ത് കുടിക്കാമായിരുന്നു.

എന്റെ കാര്യത്തിൽ അത് അസാധ്യമായിരുന്നു. എനിക്ക് ക്യാനുകളിൽ തൊടാൻ കഴിഞ്ഞില്ല, കാരണം എന്റെ സ്പർശം ജലത്തെ മലിനമാക്കും, അതിനാൽ എനിക്ക് വാട്ടർമാന്റെ കാരുണ്യത്തെ ആശ്രയിക്കേണ്ടിവന്നു. എന്റെ ഉപയോഗത്തിനായി അവിടെ ഒരു ചെറിയ തുരുമ്പിച്ച പാത്രം സൂക്ഷിച്ചിരുന്നു. ഞാനല്ലാതെ ആരും അത് തൊടുകയോ കഴുകുകയോ ചെയ്യില്ല. ഈ പാത്രത്തിലേക്കാണ് വാട്ടർമാൻ എനിക്ക് വെള്ളം ചൊരിയുന്നത്. പക്ഷേ, വാട്ടർമാൻ ഉണ്ടെങ്കിൽ മാത്രമേ എനിക്ക് വെള്ളം ലഭിക്കൂ. എനിക്ക് വെള്ളം തരുന്നതിന് ഇയാൾക്ക് ഇഷ്ടമായിരുന്നില്ല. ഞാൻ വെള്ളത്തിനായി വരുന്നതു കാണുമ്പോൾ അയാൾ വഴുതിമാറി പോകുമായിരുന്നു. അതിന്റെ ഫലമായി എനിക്ക് വെള്ളമില്ലാതെ പലപ്പോഴും കഴിച്ചുകൂട്ടേണ്ടി വന്നു; കുടിക്കാൻ വെള്ളമില്ലാത്ത ദിവസങ്ങൾ ഒട്ടും കുറവായിരുന്നില്ല.

എന്റെ താമസത്തിന്റെ കാര്യത്തിലും എനിക്ക് സമാനമായ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. ബൊർസാദിൽ ഞാൻ അപരിചിതനായിരുന്നു. ഒരു ജാതി ഹിന്ദുവും എനിക്ക് വീട് വാടകയ്ക്ക് തന്നില്ല. ഒരു ഗുമസ്തനായി ജീവിക്കാനുള്ള എന്റെ ശ്രമം ഇഷ്ടപ്പെടാത്ത ഹിന്ദുക്കളുടെ അപ്രീതിക്ക് ഇരയാകും എന്ന ഭയത്താൽ ബൊർസാദിലെ അസ്പൃശ്യരും എനിക്ക് താമസസ്ഥലം നൽകാൻ തയ്യാറായില്ല. ഭക്ഷണത്തിന്റെ കാര്യത്തിലായിരുന്നു കൂടുതൽ ബുദ്ധിമുട്ടുകൾ. എനിക്ക് ഭക്ഷണം കിട്ടുന്ന സ്ഥലമോ തരുന്ന ആളോ ഉണ്ടായിരുന്നില്ല. ഞാൻ രാവിലെയും വൈകുന്നേരവും 'ഭജകൾ' - Bhajhas - വാങ്ങി, ഗ്രാമത്തിന് പുറത്തുള്ള ഏതെങ്കിലും ഒറ്റപ്പെട്ട സ്ഥലത്തു വച്ച് അത് കഴിച്ച്, മാമലദാറിന്റെ ഓഫീസിന്റെ വരാന്തയിലെ നടപ്പാതയിൽ രാത്രി വന്ന് ഉറങ്ങാറുണ്ടായിരുന്നു. ഇങ്ങനെ ഞാൻ നാല് ദിവസം കഴിച്ചു കൂട്ടി. പക്ഷേ ഇതെല്ലാം എനിക്ക് അസഹനീയമായി മാറി. പിന്നെ ഞാൻ എന്റെ പൂർവ്വിക ഗ്രാമമായ ജെൻട്രലിൽ താമസിക്കാൻ പോയി. ബൊർസാദിൽ നിന്ന് ആറ് മൈൽ

അകലെയായിരുന്നു അത്. ദിവസവും പതിനൊന്ന് മൈൽ നടക്കേണ്ടി വന്നു. ഇത് ഞാൻ ഒന്നര മാസം ചെയ്തു.

അതിനുശേഷം, മംലതദാർ എന്നെ ജോലി പഠിക്കാൻ ഒരു തലത്തിയുടെ അടുത്തേക്ക് അയച്ചു. ജെൻട്രൽ, ഖാപൂർ, സൈജ്പൂർ എന്നീ മൂന്ന് ഗ്രാമങ്ങളുടെ ചുമതലക്കാരനായിരുന്നു ഈ തലത്തി. ജെൻട്രൽ ആയിരുന്നു അയാളുടെ ആസ്ഥാനം. രണ്ടു മാസം ഈ തലത്തിയുടെ കൂടെ ഞാൻ ജെൻട്രലിലായിരുന്നു. അയാൾ എന്നെ ഒന്നും പഠിപ്പിച്ചില്ല, ഒരിക്കൽ പോലും ഞാൻ വില്ലേജ് ഓഫീസിൽ കയറിയിട്ടില്ല. ഗ്രാമത്തലവൻ എന്നോടു പ്രത്യേകിച്ച് ശത്രുതയുള്ളവനായിരുന്നു. ഒരിക്കൽ അയാൾ പറഞ്ഞിരുന്നു, 'നിന്റെ കൂട്ടുകാരും അച്ഛനും സഹോദരനും എല്ലാവരും വില്ലേജ് ഓഫീസ് തൂത്തുവാരുന്ന തൂപ്പുകാരാണ്, ഞങ്ങൾക്ക് തുല്യമായി ഓഫീസിൽ ഇരിക്കാൻ നീ ആഗ്രഹിക്കുന്നുണ്ടോ? ശ്രദ്ധിക്കുക, ഈ ജോലി ഉപേക്ഷിക്കുന്നതാണ് നിനക്കു നല്ലത്!'

ഗ്രാമത്തിലെ ജനസംഖ്യാ പട്ടിക തയ്യാറാക്കാൻ ഒരു ദിവസം തലത്തി എന്നെ സൈജ്പൂരിലേക്ക് വിളിച്ചു. ജെൻട്രാലിൽ നിന്ന് ഞാൻ സൈജ്പൂരിലേക്ക് പോയി. വില്ലേജ് ഓഫീസിൽ ഹെഡ്മാനും തലത്തിയും ചില ജോലികൾ ചെയ്യുന്നത് ഞാൻ കണ്ടു. ഞാൻ പോയി, ഓഫീസിന്റെ വാതിലിനു സമീപം നിന്ന്, 'സുപ്രഭാതം' ആശംസിച്ചു, പക്ഷേ അവർ എന്നെ ശ്രദ്ധിച്ചതേയില്ല. ഏകദേശം പതിനഞ്ചു മിനിറ്റോളം ഞാൻ പുറത്ത് നിന്നു. എനിക്ക് ഇതിനകം ജീവിതം മടുത്തു കഴിഞ്ഞിരുന്നു. അങ്ങനെ അവഗണിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്തതിൽ എനിക്ക് ദേഷ്യം തോന്നി. അവിടെ കിടന്നിരുന്ന ഒരു കസേരയിൽ ഞാൻ ഇരുന്നു. ഞാൻ കസേരയിൽ ഇരിക്കുന്നത് കണ്ട് ഹെഡ്മാനും തലത്തിയും എന്നോട് ഒന്നും പറയാതെ അവിടം വിട്ടു പോയി.

കുറച്ചു കഴിഞ്ഞപ്പോൾ ആളുകൾ വന്നു തുടങ്ങി, അധികം താമസിയാതെ ഒരു വലിയ ജനക്കൂട്ടം എനിക്ക് ചുറ്റും കൂടി. ഗ്രാമീണ വായനശാലയിലെ ലൈബ്രേറിയന്റെ നേതൃത്വത്തിലായിരുന്നു ഈ ജനക്കൂട്ടം. വിദ്യാസമ്പന്നനായ ഒരാൾ ഈ ജനക്കൂട്ടത്തെ നയിച്ചത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലായില്ല. കസേര അദ്ദേഹത്തിന്റേതായിരുന്നു എന്ന് പിന്നീട് ഞാൻ മനസ്സിലാക്കി.

അയാൾ എന്നെ ഏറ്റവും മോശമായ രീതിയിൽ അധിക്ഷേപിക്കാൻ തുടങ്ങി. റവാനിയയെ (ഗ്രാമസേവകനെ) അഭിസംബോധന ചെയ്തുകൊണ്ട് അയാൾ പറഞ്ഞു, 'ആരാണ് ഈ വൃത്തികെട്ട നായയെ കസേരയിൽ ഇരിക്കാൻ അനുവദിച്ചത്?' രാവണിയ എന്നെ എഴുന്നേൽപ്പിച്ചു, എന്നിട്ട് കസേര എടുത്തുമാറ്റി. ഞാൻ നിലത്തിരുന്നു.

അതോടെ ഒരു ജനക്കൂട്ടം വില്ലേജ് ഓഫീസിലേക്ക് ഇടിച്ചു കയറി എന്നെ വളഞ്ഞു. കോപാകുലരായ ഒരു ജനക്കൂട്ടമായിരുന്നു അത്.

ചിലർ എന്നെ ചീത്ത വിളിക്കുന്നു, ചിലർ ധരിയ (വാൾ പോലെയുള്ള മൂർച്ചയുള്ള ഒരു ആയുധം) ഉപയോഗിച്ച് എന്നെ കഷണങ്ങളാക്കുമെന്ന് ഭീഷണിപ്പെടുത്തി. എന്നോട് ക്ഷമിക്കണമെന്നും കരുണ കാണിക്കണമെന്നും ഞാൻ അവരോട് കെഞ്ചി അപേക്ഷിച്ചു. അതൊന്നും പക്ഷേ ജനക്കൂട്ടത്തിൽ ഒരു ചലനവും സൃഷ്ടിച്ചില്ല. എന്നെ എങ്ങനെ രക്ഷിക്കണമെന്ന് എനിക്കറിയില്ലായിരുന്നു. പക്ഷേ, എനിക്ക് സംഭവിച്ച വിധിയെക്കുറിച്ച് മംലത്ദാറിന് കത്തെഴുതാമെന്നും ഞാൻ ആൾക്കൂട്ടത്താൽ കൊല്ലപ്പെട്ടാൽ എന്റെ ശരീരം എങ്ങനെ സംസ്കരിക്കണമെന്ന് പറയാമെന്നും എനിക്ക് ഒരു ആശയം തോന്നി. ആകസ്മികമായി, അവർക്കെതിരെ ഞാൻ പ്രായോഗികമായി മംമ്തദാറിനോട് റിപ്പോർട്ട് ചെയ്യുകയാണെന്ന് ജനക്കൂട്ടം അറിഞ്ഞാൽ, അവർ ഒരു പക്ഷേ അവരുടെ നടപടികളിൽ നിന്നു പിന്മാറിയേക്കാം എന്നതായിരുന്നു എനിക്കു പൊടുന്നനെ കൈവന്ന പ്രതീക്ഷ. ഞാൻ റവാനിയയോട് ഒരു കടലാസ് തരാൻ ആവശ്യപ്പെട്ടു, അയാൾ അത് തന്നു. പിന്നീട് എന്റെ ഫൗണ്ടൻ പേന ഉപയോഗിച്ച് ഞാൻ അതിൽ വലിയ അക്ഷരങ്ങളിൽ എല്ലാവർക്കും വായിക്കാൻ കഴിയുന്ന വിധം ഇനിപ്പറയുന്നവ എഴുതി:

'മംലാത്ദാർ, താലൂക്ക് ബൊർസാദ്.

സർ,

പരമർ കാളിദാസ് ശിവറാമിന്റെ എളിയ അഭിവാദനങ്ങൾ സ്വീകരിച്ചാലും. ഇന്ന് മരണത്തിന്റെ കൈകൾ എന്റെ മേൽ പതിക്കുകയാണെന്ന് ഞാൻ അങ്ങയെ വിനയപൂർവ്വം അറിയിക്കുകയാണ്. ഞാൻ അച്ഛനമ്മമാരുടെ വാക്കുകൾ കേട്ടിരുന്നെങ്കിൽ എനിക്ക് ഈ വിധി ഉണ്ടാകുമായിരുന്നില്ല. എന്റെ മരണവിവരം എന്റെ മാതാപിതാക്കളെ അറിയിക്കാൻ ദയവുണ്ടാകണം.'

ലൈബ്രേറിയൻ ഞാൻ എഴുതിയത് വായിച്ചു, ഉടനെ അത് കീറാൻ എന്നോട് ആവശ്യപ്പെട്ടു, ഞാൻ അത് ചെയ്തു. എണ്ണിയാലൊടുങ്ങാത്ത അധിക്ഷേപങ്ങളാണ് അവർ എന്റെ മേൽ ചൊരിഞ്ഞത്. 'ഞങ്ങൾ നിന്നെ ഞങ്ങളുടെ തലത്തി എന്ന് അഭിസംബോധന ചെയ്യണോ? നീ ഒരു ഭാംഗിയാണ്, നിനക്ക് ഓഫീസിൽ കയറി കസേരയിൽ ഇരിക്കണോ?' ഞാൻ കരുണയ്ക്കായി യാചിക്കുകയും ഇത് ആവർത്തിക്കില്ലെന്നും ജോലി ഉപേക്ഷിക്കാമെന്നും വാഗ്ദാനം നൽകുകയും ചെയ്തു. ജനക്കൂട്ടം പിരിഞ്ഞുപോയ വൈകുന്നേരം ഏഴുമണി വരെ അവർ എന്നെ അവിടെ നിർത്തി. അപ്പോഴും തലത്തിയും മുഖിയയും വന്നിരുന്നില്ല. അതിനുശേഷം

ഞാൻ പതിനഞ്ച് ദിവസത്തെ അവധിയെടുത്ത് ബോംബെയിലുള്ള എന്റെ മാതാപിതാക്കളുടെ അടുത്തേക്ക് മടങ്ങി.'